# സമീക്ഷ

മാസിക

2018 • ഫെബ്രുവരി



## അധികാരം
## സ്വാതന്ത്ര്യം
## സമാധാനം

FOCUS
സമീക്ഷ

# ഇരകളുടെ ചേരികൾ




## ട്രംപിന്റെ ഫലസ്തീൻ

## മോദിയുടെ ഇന്ത്യ

## സൂകിയുടെ മ്യാൻമർ

sameekshamagazine.com sameekshamagazines@gmail.com www.facebook.com\sameeksha

സമീക്ഷ
മാസിക
2018 • ഫെബ്രുവരി

# അകം

പേജ് 06
## ഖുദുസ്: ട്രംപിനും ഇസ്രയേലിനും ഇടയിൽ

പേജ് 09
## ഇന്ത്യൻ ജനാധിപത്യം സാമകാലിക വെല്ലുവിളികൾ

പേജ് 14
## റോഹിംഗ്യ: വംശവെറിയുടെ ചരിത്രവും അപനിർമ്മാണങ്ങളും.

• ലേഖനം • കഥ കവിത • അനുഭവം • ക്യാമ്പസ് സമീക്ഷ • സൈബർ സമീക്ഷ

Publisher : Unais Varambatta
General Manager : Ali Safvan Kellur
Chief Editor : Abdul Basith Mundamparamba
Sub Editor : Shaheer PT
Editots : Riyas Mankara, Musthafa
Cover & Illustration : Amir Abbasy k
Helpdesk : Faris Karinkallathani
Published by : BUSTAN Darussalam Da'wa




എഡിറ്റോറിയൽ

# നൊമ്പരങ്ങളുടെ നിലവിളികൾ

*നിങ്ങൾ ചോദിക്കും:*
*എന്താണ് നിങ്ങളുടെ കവിത സ്വപ്നത്തെ കുറിച്ച്*
*ഇലകളെ കുറിച്ച് പൂക്കളെക്കുറിച്ച്*
*അഗ്നി ശൈലങ്ങളെ കുറിച്ച് പാടാത്തതെന്ന്*
*വരൂ ഈ തെരുവിലെ ചോര കാണൂ*
*വരൂ ഈ തെരുവിലെ ചോര കാണൂ*

*(പാബ്ലോ നെരൂദ)*

ഇരകൾ; അവർ ആഗ്രഹിച്ചിട്ടോ അവരോട് അനുവാദം ചോദിച്ചിട്ടോ അല്ല അവർക്ക് ഈ വിളിപ്പേര് നൽകിയത്. അവരുടെ നിസ്സഹായതക്കു മുകളിൽ അധികാരവും കയ്യൂക്കും പ്രയോഗിച്ച് നാം നിർമിച്ച ഭീതിയുടെ മതിൽ കെട്ടാണത്. പീഢാനുഭവങ്ങളുടെ തീച്ചൂളകൾ അവരെ നിരന്തരം പിന്തുടരുന്നു. രണ്ടു വെടിയൊച്ചകൾക്കിടയിലെ ജീവിതം രണ്ട് മരണങ്ങൾക്കിടയിലെ മൗനത്തിന് സമാനമാണ്. രണ്ട് മഴകൾക്കിടയിലെ വെയിലിന്റെ സുഖം അവിടെയാരും പ്രതീക്ഷിക്കരുത്.അബലരും ആലംബഹീനരും അഭയാർത്ഥികളും പാർക്കുന്ന തെരുവുകളിൽ നിലാവുള്ള രാത്രികളിലും ശ്മശാനമൂകതയുടെ ഇരുട്ട് നമുക്ക് അനുഭവപ്പെടും. ഭീതിയുടെയും ഇല്ലായ്മയുടെയും പരിതസ്ഥിതിയിൽ നിന്നും പ്രതീക്ഷയുടെ ചിറകുകൾ സ്വപ്നം കാണുന്ന തീക്ഷണമായ ആ കണ്ണുകളെ അഭയാർത്ഥികൾ, കുടിയിറക്കപെട്ടവർ, ദുരന്തബാധിതർ, കലാപബാധിതർ തുടങ്ങി പല മേൽവിലാസങ്ങൾ നൽകി നാം തരം തിരിക്കുന്നു. പക്ഷെ അവിടെ നിന്നുയരുന്ന രോദനങ്ങൾക്കെല്ലാം വിശപ്പിന്റെ ചൂരും വിലാപത്തിന്റെ ചുവയുമാണ്. ഫലസ്തീൻ, മാൻമാർ, ഇന്ത്യ, സിറിയ ചോര പൊടിയുന്ന നേരുകളെ കണ്ടില്ലെന്ന് നടിക്കരുത്.



# അഭയം



ഫാരിസ് കരിങ്കല്ലത്താണി

ഒറ്റക്കു നിൽക്കുന്നൊരാരാരേഴഴകുള്ള
സൂര്യനേയൊന്നമർത്തി
ച്ചുമ്പിക്കണമെനിക്ക്
കടലിന്റെകരളറ്റകൈകൾക്കുള്ളിലേക്ക്
മുങ്ങാങ്കുഴിയിടുന്നതിൻമുമ്പായ്.
അമ്പിളീയറിയാതെവേണമാ
ദൗത്യാന്ത്യം,
കാതലിച്ചിരുന്നുവെത്രേയവനും.

ഞാൻ,
വാക്കുകളുംമോഹങ്ങളും
നഷ്ട്പ്പെട്ട്,കാലത്തിന്റെ പുൽ
മേടുകളിൽമുറ്റിനിൽക്കുന്ന
മഞ്ഞുതുള്ളികളാണിപ്പോളെന്റെ
കണ്ണുനീര്.
യാത്രകൾചെത്തി,ച്ചു
രത്തിയകണ്ണീർക്കടലിലെ
ഉപ്പുവറ്റിച്ചെടുക്കാൻ
വേണമാമധുവധരം.



കവർഫ്രെയിം



സൽമാൻ എ.പി നിലമ്പൂർ

# ഖുദുസ്: ട്രംപിനും ഇസ്രയേലിനും ഇടയിൽ

അമേരിക്കൻ പ്രസിഡന്റിന്റെ ഈ പ്രഖ്യാപനം ജറൂസലേമിന്റെ അതിരുകൾക്കുള്ളിൽ മാത്രം അലയൊലിയുണ്ടാക്കുന്നതല്ല. വിവേകശൂന്യമായ ഈ പ്രഖ്യാപനത്തിനായി ട്രംപ് ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പതിറ്റാണ്ടുകൾ മുമ്പ് 1991 ൽ മാഡ്രിഡിൽ വെച്ചെടുത്ത സമാധാന ഉടമ്പടിയാണ് തകർന്നത്. ഇത്തരം ’ പ്രഖ്യാപനം’ നടത്താതിന്റെ പേരിൽ മുൻ പ്രസിഡന്റുമാരെ കണക്കിന് പരിഹസിച്ച ട്രംപ് അവരുടെ എല്ലാ നയതന്ത്ര നടപടികളും പരാജയമായിരുന്നു എന്ന് പ്രഖ്യാപിച്ചു. ട്രംപ് വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞ ഒരു വാക്കാണ് ‘ന്യൂ’ എന്നത്. അഥവാ പരമ്പരാഗതമായി ഫലസ്തീൻമിഡിൽ ഈസ്റ്റ് വിഷയത്തിൽ കൈകൊണ്ട സമീപനത്തിൽ നിന്നും ഒരു പുതിയ ചുവടുവെപ്പാണിതെന്നുള്ള സൂചനയാണത്.

ഫലസ്തീൻഇസ്റയേൽ വിഷയത്തിൽ ഇനി യാതൊരുവിധ കൂടിക്കാഴ്ച്ചകളോ നടപടികളോ ഇല്ലെന്നും ഫലസ്തീൻ പ്രശ്ന പരിഹാരത്തിന് ഒരുമ്പെടുന്നില്ലെന്നും ട്രംപ് വിശദീകരിച്ചു. ഇതുവരേക്കും സ്വന്തമായൊരു രാജ്യമില്ലാത്ത ഫലസ്തീനികൾക്ക് ഇനിയൊരിക്കലും ഒരു രാജ്യത്തിനുവേണ്ടി അമേരിക്ക യത്നിക്കുകയോ അത്തരം ഒരു നീക്കം വാഷിംഗ്ടണിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല എന്നുമാണ് ഇതർത്ഥമാക്കുന്നത്. ഫലസ്തീനോട് ട്രംപ് വിടപറഞ്ഞിരിക്കുന്നു. ദ്വിരാഷ്ട്ര സിദ്ധാന്തത്തോടും വിട. സ്വസ്ഥത കൊതിക്കുന്ന ഫലസ്തീൻ ജനതയോടും വിട. ജറൂസലം എന്ന തലസ്ഥാന നഗരി ഫലസ്തീനുള്ളതല്ല. അത് ഇസ്രായേലിന് സ്വന്തമാണ്. വിവേകശൂന്യവും ലജ്ജാവഹവുമായിരുന്നു ട്രംപിന്റെ വാക്കുകൾ.

‘ഫലസ്തീൻ’ എന്ന പദം പോലും ഉപയോഗിക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചു. ’ ഇസ്രായേലും ഫലസ്തീനികളും’ എന്നായിരുന്നു പ്രയോഗം. അഥവാ രാജ്യമുള്ളവരും ഇല്ലാത്തവരും. ഫലസ്തീൻഇസ്രായേൽ തർക്കത്തിന്റെ കേന്ദ്രബിന്ദുവാണ് ജറൂസലം. അവിടെ ഇസ്രായേലിന്റെ ആധിപത്യം അംഗീകരിക്കുക വഴി കാലങ്ങളായി നീറിപ്പുകയുന്ന ഫലസ്തീൻ പ്രശ്നം പരിഹരിക്കാനുള്ള എല്ലാ വാതിലുകളും ട്രംപ് ഭരണകൂടം കൊട്ടിയടക്കുകയായിരുന്നു. ട്രംപിന്റെ ഈ യൊരൊറ്റ പ്രഖ്യാപനത്തിലൂടെ മേഖലയാകെ യുദ്ധസമാനമായ സ്ഥിതിവിശേഷം സംജാതമായി. ചോരയുടെ രൂക്ഷഗന്ധം അടിച്ചുവീശുന്ന പുതിയ ഇൻതിഫാദക്ക് ഹമാസ് ആഹ്വാനം ചെയ്തു കഴിഞ്ഞു. റാമല്ലയിലും ഗസ്സയിലും രോഷാകുലരായ ജനങ്ങൾ സൈനികരുമായി ഏറ്റുമുട്ടുകയാണ്.

ലോകത്തിന്റെ കുത്തക അവകാശപ്പെടുന്ന അമേരിക്കയുടെ പുതിയ നീക്കമായി ഇതിനെ കാണാം. ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ അടിക്കല്ലിളകിയതിൽ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആഘോഷത്തിലായിരിക്കുമെന്ന് ട്രംപിന് നന്നായറിയാം. ജൂതകൊടിയിൽ പൊതിഞ്ഞ ഒരു മാജിക് പെട്ടിയിൽ വാഷിംഗ്ടണിൽ നിന്നും ഇസ്രയേലിനയച്ച സമ്മാനമായിരുന്നു ’ജറൂസലം’. ഫലസ്തീൻ ജനതയുടെ കാര്യം വളരെ ദയനീയമായിരിക്കുകയാണ്. ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ആർതർ ബാൾഫർ ഓർമ്മിപ്പിച്ചതുപോലെ. ‘ നൂറു വർഷം മുമ്പ് സയണിസത്തിന് ഫലസ്തീനെ എറിഞ്ഞു കൊടുക്കുകയായിരുന്നു. ജൂതർക്കുള്ള ദേശീയ അഭയകേന്ദ്രമായി ’’. അതുതന്നെയാണ് സാമ്രാജ്യത്വ ശക്തികൾ ഇന്നും സാധിപ്പിച്ചുകൊടുക്കുന്നത്.

തെൽഅവീവിൽ നിന്നും ജറൂസലമിലേക്കുള്ള മാറ്റം മേഖലയിലെ

ചരിത്ര പ്രാധാന്യമുള്ള സംഭവമാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലം അമേരിക്കയും യൂറോപ്യൻ നേതൃത്വവും ഫലസ്തീനികൾക്ക് സ്വന്തമായൊരു രാഷ്ട്രം നൽകാമെന്ന് പറഞ്ഞ് കൊതിപ്പിച്ചിരുന്നു. ജറൂസലം പഴയതുപോലെ നിലനിർത്തി ചർച്ച അവസാനിപ്പിക്കാറായിരുന്നു പതിവ്. എന്നാൽ ജറൂസലം ഇംഗിതം പോലെ ഇസ്രേയിലിനുതന്നെ നൽകിയപ്പോൾ ഇത്രയും കാലം കൊതിപ്പിച്ചതും ദ്വിരാഷ്ട്ര പ്രശ്നത്തിനുവേണ്ടി ചർച്ചചെയ്തതും ആർക്കുവേണ്ടിയാണെന്നും എന്തിനുവേണ്ടിയാണെന്നും വ്യക്തമായി.

വ്യക്തിതാൽപര്യത്തിനായാലും മറ്റുള്ളവരുടെ പ്രേരണ മൂലമായാലും പ്രസിഡന്റിന്റെ നീക്കത്തിലുള്ള അപകടം എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അമേരിക്കയിലെ രണ്ട് പാർട്ടികളോടും ട്രംപ് നിശബ്ദരാകാൻ പറഞ്ഞിരിക്കുകയാണ്. കഴുത്തിൽ കത്തി പിടിച്ച് കൊലയാളി ഇരയോട് പറയുന്നതു പോലുള്ള അവസ്ഥയിലാണവർ. വർഷങ്ങളായി തങ്ങളുടെ രാഷ്ട്രങ്ങളെ അധോഗതിയിലേക്ക് നയിക്കുന്നതായി അറബ് നേതാക്കളെ പരിഹസിച്ച ട്രംപ് ഫലസ്തീൻ ഇസ്റായേൽ പ്രശ്നപരിഹാരത്തിന് മരുന്ന് അമേരിക്കയുടെ കീഴിൽ മാത്രമാണെന്ന് ആണയിടുകയും ചെയ്തു.

പശ്ചിമേഷ്യയിലെ വിശിഷ്യ ഫലസ്തീൻ സമാധാന ഉടമ്പടിയുടെ ശക്തി ക്ഷയിച്ചവരികയെന്നത് സ്വാതന്ത്രവും സ്വസ്ഥതയും കൊതിക്കുന്ന ജനതതികളെ വീണ്ടും ഭീതിതമായ അവസ്ഥയിലേക്ക് തള്ളിവിടുക എന്നതാണ്. ചരിത്ര പ്രസിദ്ധമായ ബാൾഫർ പ്രഖ്യാപനം മുതൽ അറബ് രാഷ്ട്രങ്ങളിലെ ആഭ്യന്തരയുദ്ധങ്ങൾ വരെ അമേരിക്കയുടെ വ്യക്തമായ പിന്തുണയോടെയാണ്. ജറൂസലം തലസ്ഥാന നഗരിയാക്കിയത് ഇതിൽ പുതിയതൊന്ന് മാത്രം. വരും നാളുകളിൽ അമേരിക്കയുടെ അടുത്ത നീക്കമെന്തായിരിക്കും. എന്നതാണ് ആശങ്കാകുലരാക്കുന്ന ചോദ്യം.

65 വർഷം മുമ്പ് പാശ്ചാത്യ രാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര ചതിയിലൂടെയാണ് അറബ് മണ്ണിൽ ഇസ്രയേൽ സ്ഥാപിക്കപ്പെട്ടത്. യൂറോപ്യൻ രാജ്യങ്ങളിൽ കൊടും പീഡനത്തിനും ഹിറ്റ്ലറുടെ ജർമനിയിൽ വംശഹത്യയ്ക്കും ഇരയായ ജൂതർക്ക് സ്വന്തമായി ഒരു രാഷ്ട്രം സ്ഥാപിക്കാൻ പശ്ചിമേഷ്യയിൽ പലസ്തീൻ മണ്ണിനെ വെട്ടിമുറിക്കുകയായിരുന്നു. സ്വന്തം മണ്ണുവീണ്ടെടുക്കാൻ അന്നുമുതൽ പലസ്തീൻ ജനത നടത്തുന്ന പോരാട്ടം നയതന്ത്ര തലത്തിൽ ഒതുങ്ങിയിട്ട് രണ്ട് പതിറ്റാണ്ടിലധികമായി. കുറഞ്ഞപക്ഷം 1991ലെ മാഡ്രിഡ് സമ്മേളനം മുതലെങ്കിലും ആരംഭിച്ച നയതന്ത്ര ശ്രമങ്ങളിൽ ഒടുവിലത്തേതാണ് യുഎൻ പൊതുസഭയിലെ വിജയം. എന്നാൽ ഇക്കാലമത്രയും പലസ്തീൻ സ്വാതന്ത്ര്യ സ്വപ്നങ്ങളെ നിഷ്ഠുരം അടിച്ചമർത്തുന്ന ഇസ്രയേൽ അതിനെതിരെ ഉയരുന്ന ദുർബലമായ ചെറുത്തുനിൽപ്പുകളെ പോലും ഭീകരപ്രവർത്തനമായി മുദ്രകത്തി വേട്ടയാടുന്നതാണ് ലോകം കണ്ടത്. 9/11 ഭീകരാക്രമണത്തിന്റെ പേരിൽ 2001ൽ അമേരിക്ക 'ഭീകരവാദത്തിനെതിരെ' പ്രഖ്യാപിച്ച യുദ്ധവും പലസ്തീൻ ജനതയെ അടിച്ചമർത്താനാണ് ഇസ്രയേൽ മറയാക്കിയത്.

1993ൽ ഒപ്പിട്ട ഓസ്ലോ കരാറിനെ തുടർന്ന് പരിമിതാധികാരങ്ങളോടെ രൂപീകരിക്കപ്പെട്ട പലസ്തീൻ അതോറിറ്റിയെ ഭരിക്കാൻ അനുവദിക്കാതെ ഇസ്രയേൽ നടത്തിവന്ന അതിക്രമങ്ങളാണ് പലസ്തീനിൽ ഇസ്ലാമികവാദികളുടെ ഹമാസിനെ വളർത്തിയത്. യാസർ അറഫാത്തിന്റെ നേതൃത്വത്തിൽ അറബ് ലോകത്തിനാകെ മാതൃകയായി പലസ്തീനിൽ വളർന്നുവന്ന മതേതര പ്രസ്ഥാനത്തെ തകർക്കാൻ ഹമാസിനെ ആയുധമാക്കിയ ഇസ്രയേൽ ഹമാസ് പ്രധാന ശക്തിയായി മാറിയപ്പോൾ പലസതീൻ ജനതയെ ദ്രോഹിക്കുന്നതിന് അത് കാരണമാക്കുന്നതാണ് ലോകം കാണുന്നത്. 2006ൽ പലസ്തീൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഹമാസ് ഭൂരിപക്ഷം നേടിയപ്പോൾ അവർ സ്വന്തം സർക്കാരുണ്ടാക്കുന്നത് തടഞ്ഞതും ഹമാസിനെയും പലസ്തീൻ വിമോചന സംഘടനയിലെ മുഖ്യ കക്ഷിയായ ഫത്തായേയും തമ്മിലടിപ്പിച്ചതുമെല്ലാം ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന പഴയ കൊളോണിയൽ കുതന്ത്രത്തിന്റെ ആവർത്തനമായിരുന്നു. ഗാസയിലും വെസ്റ്റ് ബാങ്കിലും രണ്ട് സമാന്തര സർക്കാരുകളായി 2007ൽ പലസ്തീനെ ഫലത്തിൽ വിഭജിക്കുന്നതിലെത്തിയ ഈ നീക്കങ്ങൾക്കെല്ലാം പാശ്ചാത്യ രാജ്യങ്ങളുടെ പിന്തുണയുണ്ടായിരുന്നു.

ഹമാസ് ഇസ്രയേലിനെ അംഗീകരിക്കുന്നില്ല എന്ന് മുറവിളി കൂട്ടിയാണ് പലസ്തീൻ ജനതയുടെ ജനവിധിയെ ഇസ്രയേൽ അട്ടിമറിച്ചത്. ഇതിന് കൂട്ടുനിൽക്കുന്ന പാശ്ചാത്യ രാജ്യങ്ങൾക്ക് ഇസ്രയേൽ പലസ്തീനെ അംഗീകരിക്കാൻ ഉദ്ദേശിച്ചിട്ടേയില്ല എന്ന യാഥാർഥ്യം കാണാനാവുന്നില്ല. പലസ്തീൻ ഒരു രാഷ്ട്രമാവുന്നത് തടയാനാണ് ഇസ്രയേൽ പലസ്തീൻ പ്രദേശങ്ങളിൽ ജൂത കുടിയേറ്റം വ്യാപിപ്പിച്ചുകൊണ്ടേയിരിക്കുന്നതെന്ന വസ്തുതയും പാശ്ചാത്യ രാഷ്ട്രങ്ങളെ കാര്യമായി അലട്ടുന്നില്ല. ഇത്തവണയും യുഎൻ പൊതുസഭാ വോട്ടിനെ തുടർന്ന് ഇസ്രയേൽ നടപ്പാക്കുന്ന പ്രതികാര നടപടികളോട് യൂറോപ്യൻ യൂണിയന്റെ പ്രതികരണം പ്രതിഷേധ പ്രസ്താവനയിൽ ഒതുങ്ങി.

പലസ്തീന്റെ പദവി ഉയർത്തുന്നതിന് യുഎൻ പൊതുസഭയിൽ സമർപ്പിക്കപ്പെട്ട പ്രമേയത്തിന്റെ പ്രായോജകരായി എഴുപതിൽപരം രാജ്യങ്ങൾ മുന്നോട്ടുവന്നു. പൂർണ അംഗരാഷ്ട്ര പദവിക്ക് കഴിഞ്ഞ വർഷം സെപ്തംബറിൽ പലസ്തീൻ സമർപ്പിച്ച അപേക്ഷ യുഎൻ രക്ഷാസമിതി അനുഭാവപൂർവം പരിഗണിക്കുമെന്നും പൊതുസഭ പ്രത്യാശ പ്രകടിപ്പിച്ചിട്ടുണ്ട്. മധ്യപൗരസ്ത്യ സമാധാന പ്രക്രിയ പുനരാരംഭിക്കാൻ അടിയന്തിരമായി ചർച പുനരാരംഭിക്കുന്നതിനും പൊതുസഭ ആവശ്യപ്പെട്ടു. പലസ്തീൻ പ്രതിനിധികൾക്ക് ഇനി യുഎൻ സംവാദങ്ങളിൽ പങ്കെടുക്കുകയും

അന്താരാഷ്ട്ര ക്രിമിനൽ കോടതി അടക്കമുള്ള യുഎൻ വേദികളിൽ അംഗത്വം നേടുകയും ചെയ്യാൻ അനുവദിക്കുന്നതാണ് ഇപ്പോൾ ലഭിച്ച നിരീക്ഷക രാഷ്ട്ര പദവി. ഗാസയിൽ അടുത്തിടെ നടത്തിയ ആക്രമണമടക്കം ഇസ്രയേലി അതിക്രമങ്ങളെ അന്താരാഷ്ട്ര കോടതിയിൽ ചോദ്യം ചെയ്യാനുമാവും.

പലസ്തീൻ പ്രശ്നത്തിൽ പരിഹരിക്കപ്പെടേണ്ട മറ്റൊരു സുപ്രധാന വിഷയമാണ് അഭയാർഥികളുടേത്. പലസ്തീൻ ജനതയിൽ 80 ശതമാനത്തിലധികം ഇന്ന് അഭയാർഥികളാണ്. 1948ൽ ഇസ്രയേൽ രൂപീകരണത്തോടെ അഭയാർഥികളായ പലസ്തീൻകാരുടെ എണ്ണം ഏഴര ലക്ഷത്തോളമായിരുന്നു. ഇന്ന് 50 ലക്ഷത്തിലധികം വരും അവരുടെ എണ്ണം എന്നാണ് യുഎൻ അഭയാർഥി ക്ഷേമ ഏജൻസിയുടെ കണക്ക്. പലസ്തീൻ പ്രദേശങ്ങളായ വെസ്റ്റ് ബാങ്കിലും ഗാസയിലും തന്നെ അഭയാർഥികളായി



കഴിയുന്നവർക്ക് പുറമേ സിറിയ, ഈജിപ്ത്, ലെബനൻ, ജോർദാൻ തുടങ്ങിയ വിവിധ അറബ് രാജ്യങ്ങളിലും പലസ്തീൻകാർ അഭയാർഥികളായി കഴിയുന്നുണ്ട്. ഇവരിൽ നല്ല പങ്കും യുഎൻ നടത്തുന്ന ക്യാമ്പുകളിൽ തിങ്ങിഞെരുങ്ങിക്കഴിയുകയാണ്.


ലോകത്തെ ഏറ്റവും വലിയ തുറന്ന ജയിലായി വിശേഷിപ്പിക്കപ്പെടുന്ന ഗാസയിലെ 17 കോടിയോളം ജനങ്ങളിൽ 75 ശതമാനവും അഭയാർഥികളാണ്. ഗാസ ഭരിക്കുന്ന പ്രധാനമന്ത്രി ഇസ്മയിൽ ഹനിയയും അഭയാർഥി പാർപ്പിട കേന്ദ്രത്തിലാണ്ഗാസ സിറ്റിയിലെ ബീച്ച് ക്യാമ്പിൽ. ഇസ്രയേലി ഉപരോധം മൂലം കടുത്ത ദുരിതമനുഭവിക്കുന്ന ഗാസയിൽ എട്ടുവർഷത്തിനകം ജീവിതം അസാധ്യമാകും എന്നാണ് ഒരു യുഎൻ റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നത്. ഈജിപ്തുമായുള്ള അതിർത്തിയിൽ നിർമിച്ചിരിക്കുന്ന തുരങ്കങ്ങളിലൂടെ കടത്തുന്ന അവശ്യ വസ്തുക്കളെ ആശ്രയിച്ചാണ് അവിടെ ഇപ്പോൾ ജനങ്ങളുടെ അതിജീവനം. ഇസ്രയേൽ അതിർത്തിക്കടുത്ത് ജീവിക്കുന്നവർ നിരന്തരം സേനാ അതിക്രമങ്ങൾക്ക് ഇരയാകുന്നു. ജീവിക്കാനായി ആക്രിപെറുക്കാൻ അതിർത്തിക്കടുത്ത് എത്തുന്ന പലസ്തീൻ കുട്ടികൾക്ക് വെടിയേൽക്കുന്നത് സാധാരണ സംഭവമാണ്. കഴിഞ്ഞ 19 മാസത്തിനിടെ ഇത്തരം 30 സംഭവങ്ങൾ ഉണ്ടായതായാണ് സ്വിസ് സഹായ സംഘമായ ഡിഫൻസ് ഫോർ ചിൽഡ്രൻ ഇന്റർനാഷണൽ വ്യക്തമാക്കുന്നത്.

യുഎൻ അഭയാർഥി ക്ഷേമ ഏജൻസിക്കു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊത്തം പലസ്തീൻ അഭയാർഥികളിൽ മൂന്നിലൊന്നുവരും വിവിധ രാജ്യങ്ങളിലായി 58 അംഗീകൃത ക്യാമ്പുകളിൽ കഴിയുന്നവർ. അവശേഷിക്കുന്ന മൂന്നിൽ രണ്ട് ഭാഗവും ആതിഥേയ രാജ്യങ്ങളിലെ നഗരങ്ങളിലും പട്ടണങ്ങളിലുമായാണ് കഴിയുന്നത്. ഇതിലധികവും ക്യാമ്പുകൾക്ക് സമീപമുള്ള നഗരങ്ങളിലും പട്ടണങ്ങളിലും തന്നെയാണ്. പല രാജ്യങ്ങളിലും പലസ്തീൻ അഭയാർഥികൾ കുറഞ്ഞ കൂലിയ്ക്ക് പണിയെടുക്കാനുള്ള രണ്ടാംതരം പൗരന്മാരായാണ് കണക്കാക്കപ്പെടുന്നത്. തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും വോട്ട് ചെയ്യാനും ഒഴികെ ഏതാണ്ട് എല്ലാ കാര്യത്തിലും പലസ്തീൻകാർക്ക് തദ്ദേശീയർക്ക് തുല്യമായ അവകാശങ്ങളുള്ള സിറിയയിലാണ് വ്യത്യസ്ത സ്ഥിതിയുള്ളത്.

അഞ്ച് ലക്ഷത്തിൽപരം പലസ്തീൻ അഭയാർഥികളാണ് സിറിയയിലുള്ളത്. സിറിയൻ സ്കൂളുകളിലും സർവകലാശാലകളിലും പലസ്തീൻകാർക്ക് തുല്യാവകാശമുണ്ട്. സർക്കാർ ആശുപത്രികളിൽ അവർക്ക് സൗജന്യ ചികിത്സയും ലഭ്യമാണ്. എവിടെ വേണമെങ്കിലും സഞ്ചരിക്കാനും താമസിക്കാനും അവർക്ക് സ്വാതന്ത്ര്യമുണ്ട്. ഒന്നിലധികം വാണിജ്യ സ്ഥാപനങ്ങൾ സ്വന്തമാക്കാൻ വരെ അവകാശമുണ്ട്. എന്നാൽ അവിടെ ബാഷർ അൽ അസദിന്റെ ഭരണം അട്ടിമറിക്കപ്പെട്ടാൽ പലസ്തീൻ അഭയാർഥികളുടെ കാര്യം പ്രയാസത്തിലാവും എന്നതിന് സൂചനകളുണ്ട്. അസദ് വിരുദ്ധ കലാപത്തിൽ പങ്കുചേരാത്തതിന് പലസ്തീൻ അഭയാർഥികൾ ആക്രമിക്കപ്പെടുന്നതിന്റെയും അഭയാർഥി കേന്ദ്രങ്ങളിൽ സ്ഫോടനം നടത്തുന്നതിന്റെയും റിപ്പോർട്ടുകളുണ്ട്.

ഇസ്ലാമികവാദി കക്ഷിയായ ഹമാസടക്കമുള്ള പലസ്തീൻ സംഘടനകൾക്ക് സിറിയയിലെ മതേതര സർക്കാർ ആസ്ഥാനം നൽകിയിട്ടുണ്ട്. എന്നാൽ ഇടതുപക്ഷ പലസ്തീൻ സംഘടനകൾ സിറിയൻ സംഘർഷത്തിൽ മേഖലയിലെ അവശേഷിക്കുന്ന ഏക മതേതര അറബ് സർക്കാരിനൊപ്പം നിൽക്കുമ്പോൾ സിറിയക്കെതിരെ പാശ്ചാത്യ പിന്തുണയോടെ കലാപത്തിൽ ഏർപ്പെട്ടിരിക്കുന്ന തീവ്രവാദി സഖ്യത്തോടൊപ്പമാണ് ഹമാസ്. ഹമാസ് തലവൻ ഖാലിദ് മിശ്അൽ ആസ്ഥാനം ഡമാസ്കസിൽനിന്ന് ഖത്തറിലെ ദോഹയിലേക്ക് മാറ്റിക്കഴിഞ്ഞു. ഇത്തരത്തിൽ സ്വന്തം ജനതയുടെ താൽപര്യം തന്നെ അപകടത്തിലാക്കുന്ന തരത്തിൽ ചില സംഘടനകൾ സ്വീകരിക്കുന്ന നിലപാടുകളും പലസ്തീൻ ജനതയ്ക്ക് ദോഷകരമാണ്.

കവർഫ്രെയിം



ഹാമിദ് മുജ്തബ പുറക്കാട്

# ഇന്ത്യൻ ജനാധിപത്യം സാമകാലിക വെല്ലുവിളികൾ

'ഹിന്ദു' ദിനപത്രത്തിൽ 2017 ജൂൺ 6ന് മദ്രാസ് ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകനായ എൻജിആർ പ്രസാദിന്റെ ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. മോഡി സർക്കാരിന്റെ ഗോവധനിരോധനനയത്തെ നിശിതമായി വിമർശിക്കുന്ന ഒന്നായിരുന്നു അത്. ജനാധിപത്യവിരുദ്ധവും ഭൂരിപക്ഷാധിപത്യസ്വഭാവം പ്രകടമാക്കുന്ന നടപടിയെന്ന തലവാചകമാണ് ഈ ചെറുലേഖനത്തിന് നൽകിയിരുന്നത്. ഇന്ത്യൻ ജനത, വിശിഷ്യാ, ന്യൂനപക്ഷ വിഭാഗങ്ങളിൽ പെടുന്ന മുസ്ലിം, ക്രിസ്ത്യൻ മതവിശ്വാസികൾ എന്ത് ഭക്ഷിക്കണം കഴിക്കണം എന്ന് ഭരണത്തിലിരിക്കുന്ന കക്ഷിയോ, ആ കക്ഷിയെ പിന്തുണയ്ക്കുന്നവരോ തീരുമാനിക്കുന്ന സാഹചര്യം ഒരു ജനാധിപത്യവ്യവസ്ഥയും ജനാധിപത്യ ഭരണഘടനയും നിലവിലുള്ള രാജ്യത്തിന് ഒരിക്കലും അനുവദിക്കാൻ കഴിയില്ല. ഭക്ഷണം എന്നത് ഏതൊരു മനുഷ്യന്റേയും മൗലിക ആവശ്യമാണ്, അവകാശമാണ്. ഇക്കാര്യത്തിൽ ഭൂരിപക്ഷ ന്യൂനപക്ഷ വേർതിരിവിന് പ്രസക്തിയില്ല. ഓരോ മനുഷ്യനും ഭക്ഷിക്കുക അവനവനാവശ്യമുള്ള, ഇഷ്ടമുള്ള ഭക്ഷണമായിരിക്കുമല്ലോ. അതിനുമേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന പ്രവണത തെറ്റായിരിക്കും.

ബീഫ് നിരോധനത്തിനെതിരായ തന്റെ ശക്തമായ നിലപാട് സാധൂകരിക്കുന്നതിനായി ലേഖകൻ പ്രമുഖ എഴുത്തുകാരനായ ആർ കെ നാരായണന്റെ 'മൈ ഡേറ്റ്ലെസ് ഡയറി' എന്ന പുസ്തകത്തിൽ ചേർത്തിരിക്കുന്ന രസകരമായൊരു അനുഭവകഥ ചുരുക്കി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ കഥാപാത്രം ഒരു യഥാസ്ഥിതിക കുടുംബത്തിലെ യുവ അംഗമാണ്. തനി ഗാന്ധിയൻ. അദ്ദേഹം ഉപരിപഠനാർത്ഥം യുഎസിലേയ്ക്ക് പോകുന്നു. തികച്ചും അപ്രതീക്ഷിതമായൊരു സാഹചര്യത്തിൽ ജീവിക്കേണ്ടിവന്ന ഈ യുവാവ് ഗോംമാംസം ഭക്ഷിക്കാൻ നിർബന്ധിതനാവുകയും ചെയ്യുന്നു. ബീഫ് ഇഷ്ടപ്പെട്ട യുവാവ് ഇന്ത്യയിലുള്ള തന്റെ ഉപദേഷ്ടാവിനെ അറിയിക്കുന്നതെന്തായിരുന്നു എന്നോ? ഈ ഭക്ഷ്യവസ്തു ഇന്ത്യൻ ജനത വ്യാപകമായി ഉപഭോഗം ചെയ്യാൻ സന്നദ്ധമാകുന്നുവെങ്കിൽ അമേരിക്കൻ സർക്കാരിനു മുന്നിൽ ഗോതമ്പിനായി ഭിക്ഷാടനം നടത്താതെതന്നെ ഭക്ഷ്യപ്രശ്നത്തിന് പരിഹാരമാകുമെന്ന്. ഇതിനു പുറമെ, ഈ യുവാവ് മറ്റൊരു നിർദ്ദേശം കൂടി മുന്നോട്ടുവയ്ക്കുന്നുണ്ട്. ബീഫ് ഭക്ഷണവസ്തുവെന്ന നിലയിൽ ഉപഭോക്താക്കൾ സ്വീകരിക്കേണ്ടത് അവരുടെ ദേശീയ ഉത്തരവാദിത്തമായി അംഗീകരിക്കപ്പെടുകയും വേണം. ശുദ്ധഗതിക്കാരനായ ഈ ഇന്ത്യൻ യുവാവിന്റെ നിർദ്ദേശം ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ ഒരു പരിധിവരെയെങ്കിലും യുക്തിസഹമാണെന്നും കരുതപ്പെട്ടിരുന്നെങ്കിലും ഇന്ത്യൻ സാഹചര്യങ്ങളിൽ ഇത്തരമൊരു നയസമീപനത്തിന് സാധ്യത വിരളമായിരുന്നു. എന്നാൽ, ഇന്ത്യയെ സംബന്ധിച്ചിടത്തോളം പശു ഒരു വിശുദ്ധവസ്തുവായി കരുതപ്പെട്ടുവന്നിരുന്നതിനാൽ അക്കാലത്തെല്ലാം ഗോമാംസം ഒരു ഭക്ഷ്യവസ്തുവായി അംഗീകരിക്കപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല ഈ നടപടി യുക്തിസഹമായി ആരും സ്വീകരിക്കുകയും ചെയ്യുമായിരുന്നില്ല. അതേസമയം അന്നൊന്നും തന്നെ അധികാരസ്ഥാനത്തിരുന്നവരോ ഗോമാതാവിനെ ജീവനുതുല്യം സംരക്ഷിക്കാൻ ആഗ്രഹിച്ചിരുന്നവരോ ഗോവധനിരോധനത്തെപ്പറ്റി ചിന്തിക്കുകപോലും ചെയ്തിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി ഇതല്ല.

2014 മെയ് മാസത്തിൽ നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതോടെ ഗോവധനിരോധനത്തിന്റെ പേരിൽ വർഗീയ

കലാപങ്ങളും കൊലപാതകങ്ങളും സംഘപരിവാർ സംഘടനകൾ വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കാൻ തുടങ്ങുകയായിരുന്നു. തങ്ങളുടെ നീക്കത്തിന് കരുത്തുപകരാൻ അവർ ഭരണഘടനയേയും ഇന്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന ഹിന്ദു സമുദായത്തിന്റെ



താൽപ്പര്യങ്ങളേയും മുൻനിർത്തി പശുവിനെ ഒരു ദൈവത്തിന്റെ തലത്തിലേയ്ക്ക് ഉയർത്താനും ഗോമാംസം ഭക്ഷിക്കുകയോ, കന്നുകാലികളെ കശാപ്പു നടത്തുന്നതിനായി കശാപ്പുശാലകളിലെത്തിക്കുകയോ ചെയ്യുന്ന ന്യൂനപക്ഷ ഇസ്ലാം മതസ്ഥരും നിരായുധരുമായ യുവാക്കളേയും മധ്യവസ്കരേയും കുട്ടികളേയും തടഞ്ഞുനിർത്തി നിർദ്ദയം മർദ്ദിച്ച് കൊലപ്പെടുത്തുകയോ ചെയ്യുന്ന ക്രൂരകൃത്യം വ്യാപകമാക്കാൻ ആരംഭിക്കുകയാണുണ്ടായത്. ഇന്ത്യൻ ഭരണഘടനയിൽ അപ്രധാനമെന്ന് പരക്കെ നിയമവിദഗ്ധന്മാർ കരുതിവരുന്ന മറ്റു നിരവധി വകുപ്പുകളോടൊപ്പം ആർട്ടിക്കിൽ 48ൽ ഗോവധനിരോധനം സംബന്ധിച്ചുള്ള വകുപ്പും എഴുതിവച്ചിട്ടുണ്ട്.

മോഡി സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പുതന്നെ ഏതാനും ചില കോൺഗ്രസ്, കോൺഗ്രസ് ഇതര ബിജെപി ഇതര സംസ്ഥാന സർക്കാരുകളും ഗോവധം തത്വത്തിൽ നിരോധിക്കുകയും ചെയ്തിരുന്നു. അതേസമയം ഇത്തരത്തിലുള്ള നിരോധനം കാർഷികമേഖലയിൽ യാതൊരുവിധ സേവനത്തിനും വിനിയോഗിക്കാൻ കഴിയാത്തതും കർഷകസമൂഹത്തിന് കനത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതുമായ പശുക്കൾ അടക്കമുള്ള മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് തടസം നിന്നിരുന്നുമില്ല. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനാവശ്യമായ കന്നുകാലി സമ്പത്ത് നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. സുപ്രിംകോടതിയിൽ 1958ൽ (എഐആർ 1958 എസ് സി 731) മുഹമ്മദ് ഹനീഫ് ഖുറേഷി കേസിൽ പ്രത്യേകമായൊരു നിർദ്ദേശവും ബന്ധപ്പെട്ട അധികൃതർക്കായി നൽകുകയും ചെയ്തിരുന്നു. അതായത്, കന്നുകാലികൾക്കായുള്ള ഭക്ഷണം ഉപയോഗയോഗ്യമല്ലാത്ത മൃഗങ്ങൾക്ക് നൽകരുതെന്നും അങ്ങനെ ചെയ്താൽ ഉപയോഗ യോഗ്യമായവയ്ക്ക് ലഭ്യമാക്കേണ്ട പോഷകാംശങ്ങളടങ്ങിയ ഭക്ഷണത്തിന്റെ നിഷേധമായിരിക്കും അതിലൂടെ നടക്കുകയെന്നുമാണ് സുപ്രിംകോടതി വിധി അർഥമാക്കുന്നത്. അക്കാലത്തൊന്നും ഈ സുപ്രിംകോടതി വിധി ചോദ്യം ചെയ്യാൻ ആരും രംഗത്തെത്തുകയുണ്ടായില്ല. ഇത്തരമൊരു വിധി പുറത്തുവരേണ്ട താമസമേ വേണ്ടിവന്നുള്ളു, ഹിന്ദു വർഗീയവാദികൾ ഗോവധനിരോധനത്തിനായി മുറവിളിക്ക് തുടക്കം കുറിക്കാൻ. ഇക്കാര്യത്തിൽ ഭരണഘടനയുടെ പിന്തുണയുണ്ടോ, ഇല്ലയോ എന്നതൊന്നും ഒരു പ്രശ്നമായിരുന്നില്ല. ഗോവധനിരോധനം ഭൂരിപക്ഷ ഹിന്ദുത്വ അജൻഡയുടെ ഒരു മുഖ്യ ഇനമായി തീരാൻ നിമിഷങ്ങൾ മാത്രമേ വേണ്ടിയിരുന്നുള്ളു. മോഡി ഭരണകൂടത്തിന്റെ അനുവാദം കൂടി ഉറപ്പായതോടെ, കാര്യങ്ങൾ ചിട്ടയോടെ മുന്നേറുകയും ചെയ്തു. ഏറ്റവുമൊടുവിൽ നമുക്കറിയാനായത് സ്ഥാനമൊഴിയുന്ന രാഷ്ട്രപതി പ്രണാബ് കുമാർ മുഖർജി വളച്ചുകെട്ടില്ലാതെ തന്നെയാണ് ഹിന്ദു തീവ്രവാദികളുടെ പശുഭക്തിയുടെ പേരിലുള്ള ഭ്രാന്തവും ക്രൂരവുമായ കൊലപാതകങ്ങളെ ആൾക്കൂട്ടഭ്രാന്തെന്ന പേരിൽ അപലപിച്ചത്. രാജ്യത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളുടെ നഗ്നമായ ലംഘനത്തിനും ആൾക്കൂട്ട ക്രൂരതാമനോഭാവത്തിനും ചെയ്തികൾക്കും എതിരായ രാഷ്ട്രപതിയുടെ പ്രതികരണം വരുന്നതിന് വ്യക്തമായൊരു സാഹചര്യമുണ്ട്.

മഥുര ട്രെയിനിൽ 16 കാരനായ ജുനൈദ്ഖാൻ തല്ലിക്കൊല്ലപ്പെട്ട ദാരുണ സംഭവം നടന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു മുഖർജിയുടെ പ്രസ്താവന. രാജ്യ മനഃസാക്ഷിയെ മാത്രമല്ല, ലോക മനഃസാക്ഷിയെതന്നെ ഞെട്ടിച്ച കൊലപാതകമായിരുന്നു വർഗീയഭ്രാന്ത് തലയ്ക്കുപിടിച്ച നരാധമന്മാർ ചെയ്തുകൂട്ടിയത്. ഈദ് പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി ഷോപ്പിങ്ങിനുപോയി സ്വഭവനത്തിലേയ്ക്കുള്ള മടക്കയാത്രയിലാണ് ഈ പതിനഞ്ചുകാരനെ അരുംകൊല ചെയ്യപ്പെട്ടത്. തൊട്ടുപിന്നാലെ



ഝാർഖണ്ഡിൽ അലിമുദ്ദീൻ അൻസാരിയും കൊലചെയ്യപ്പെട്ടു. ഗോവധം ആരോപിച്ച് വീട്ടിനു തീയിട്ട ദുരന്തസംഭവവും ബിജെപി ഭരിക്കുന്ന ഝാർഖണ്ഡ് സംസ്ഥാനത്താണ് നടന്നത്. 2015ൽ മുഹമ്മദ് അഖ്ലഖ് എന്നൊരു മധ്യവയസ്കൻ കൊല്ലപ്പെട്ടത് വീട്ടിലെ ഫ്രിഡ്ജിനുള്ളിൽ ബീഫ് സൂക്ഷിച്ചിരുന്നതിന്റെ പേരിലായിരുന്നെങ്കിലും അന്വേഷണത്തിൽ തെളിയിക്കപ്പെട്ടത് ഇത് തെറ്റായിരുന്നുവെന്നാണ്. ഏതാണ്ട് ഇതേ കാലഘട്ടത്തിൽതന്നെയാണ് ഹരിയാനയിൽ ഒരു ഹരിജൻ കുടുംബം ആക്രമണത്തിനിരയാവുന്നത്. ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ

എത്തിയതിനുശേഷമുള്ള മൂന്നുവർഷക്കാലത്തിനിടയിൽ 63ൽപ്പരം പശുവുമായി ബന്ധപ്പെട്ട അതിക്രമങ്ങളുണ്ടായിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട 28 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കൂട്ടത്തിൽ 86 ശതമാനം പേരും ന്യൂനപക്ഷ മുസ്ലിം സമുദായാംഗങ്ങളുമായിരുന്നു. ഏറ്റവുമൊടുവിൽ 2017ൽ ആദ്യമായി രാഷ്ട്രപതി ഭവനിലെ ഇഫ്താർ സംഗമവും നടത്തിയില്ല. ഗോരക്ഷാപ്രവർത്തകരുടെ ലേബലിൽ ഡൽഹിയിലെ കേരള ഹൗസിലെ അടുക്കളയിലും സ്റ്റോർ റൂമിലും അതിക്രമിച്ചു കടന്നവരും ബിജെപി ഡൽഹി ഘടകത്തിന്റെ അറിവോടേയും അംഗീകാരത്തോടെയുമാണെന്ന് തുടർന്നു നടന്ന അന്വേഷണങ്ങൾ വെളിവാക്കിയത്. ഇത്തരം നിരവധി സംഭവങ്ങൾ വിരൽചൂണ്ടുന്നത് ഭൂരിപക്ഷ ഹിന്ദുത്വ അജൻഡ ഭരണഘടനാവിരുദ്ധ 1976ലെ ഭരണഘടനയുടെ 42ാം ഭേദഗതി ഭരണഘടനയിൽ 51 എന്നൊരു അധ്യായം എഴുതിച്ചേർക്കുകയും അതിൽ ഇന്ത്യൻ ജനതയുടെ മൗലിക ചുമതലകൾ പ്രത്യേകം പരാമർശവിധേയമാക്കുകയുമുണ്ടായി. ഈ മൗലിക ചുമതലകളിൽ മുഖ്യമായ ഒന്ന് നമ്മുടെ കാഴ്ചപ്പാടിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുകയും അതിലൂടെ മാനവികതയും പരിഷ്കരണാനുകൂല ചിന്തയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതുമാണ്.

എന്നാൽ, ആർഎസ്എസ് സംഘപരിവാർ സംഘടനകളെ സംബന്ധിച്ചിടത്തോളം ഇത് സ്വീകാര്യമല്ല. ഇക്കാരണത്താൽ തന്നെയാണ് മതത്തിന്റെ പേരിൽ അസഹിഷ്ണുത പ്രോത്സാഹിപ്പിക്കുകയും ഗോവധനിരോധനത്തിന്റെ പേരിൽ നിരപരാധികളായ ഒട്ടേറെ മനുഷ്യരെ തിരഞ്ഞുപിടിച്ച് വകവരുത്തിക്കൊണ്ടിരിക്കുകയും ചെയ്തുവരുന്നത്. ഭരണഘടനാ ഭേദഗതി, ഇതിനെതിരായി നൽകിയിരിക്കുന്ന മാൻഡേറ്റ് ഒന്നും ഇക്കൂട്ടർക്ക് ബാധകവുമല്ല. ഒറ്റനോട്ടത്തിൽ നിരുപദ്രവകരമെന്ന് വ്യാഖ്യാനിക്കപ്പെടാനിടയുള്ള ഗോവധ നിരോധനവും 'ഘർവാപസി'യുമൊന്നും ഇന്ത്യയിലെ മതനിരപേക്ഷ മനസിനും ചിന്തയ്ക്കും അനുഗുണമല്ല. ഭൂരിപക്ഷ ഹിന്ദുത്വവാദികളുടെ സാംസ്കാരിക അജൻഡയുടെ ഭാഗമാണിതൊക്കെ ഗോവധനിരോധനം അതിന്റെ പൂർണതയോടെ പ്രയോഗത്തിൽ വരുത്തുകയെന്ന പ്രക്രിയയാണ് നടക്കുന്നത്. അത് ഇന്ത്യ കാലാകാലങ്ങളായി കാത്തുസൂക്ഷിച്ചുവന്നിട്ടുള്ള മതനിരപേക്ഷ സംസ്കാരത്തിന്റെ അന്ത്യംകുറിക്കുകയായിരിക്കും ചെയ്യുക. തീർത്തും ജനാധിപത്യവിരുദ്ധവും ദേശദ്രോഹപരവുമായിരിക്കും. ബഹുസ്വരതയിലധിഷ്ഠിതമായ സമീപനമാണ് ഭൂരിഭാഗം വരുന്ന ഇന്ത്യൻ ജനതയും കാംക്ഷിക്കുന്നത്. എന്നാൽ, മോഡിഭരണം നിലനിൽക്കുന്നിടത്തോളം ഇത്തരമൊരു നയസമീപനം പ്രഖ്യാപനങ്ങൾക്കപ്പുറം പ്രായോഗികമാക്കപ്പെടുകയില്ല. വിശിഷ്യാ, മുസ്ലിം ജനതയ്ക്കെതിരായ അതിക്രമങ്ങൾ. ന്യൂനപക്ഷസംരക്ഷണത്തിന്റെ പേരിൽ നിലവിൽ വന്നിരിക്കുന്ന ന്യൂനപക്ഷ കമ്മിഷൻ വെറും നോക്കുകുത്തിയായി അധഃപതിച്ചിരിക്കുന്നു.

ഈ സാഹചര്യം കണക്കിലെടുത്താണ് പ്രമുഖ മനുഷ്യാവകാശ പ്രവർത്തകയും സോഷ്യൽ ആക്ടിവിസ്റ്റുമായ ഷബ്നം ഹാഷ്മി 2008ൽ തനിക്കു ലഭിച്ച നാഷണൽ മൈനോറിറ്റീസ് റൈറ്റ്സ് അവാർഡ് തിരികെ നൽകിയിരിക്കുന്നത്. 2017 ജൂൺ 23ന് ഹരിയാനയിൽ നിന്നും പുറത്തുവന്ന ജുനൈദിന്റെ കൊലപാതകത്തെ തുടർന്ന് ഡൽഹിക്കു പുറമെ അലഹാബാദ്, ബംഗളൂരു, ചണ്ഡിഗർ, ലക്നൗ, ചെന്നൈ, കൊച്ചി, ജയ്പൂർ, പട്ന, കൊൽക്കത്ത, മുംബൈ, തിരുവന്തപുരം എന്നീ വൻ നഗരങ്ങളിലും രാഷ്ട്രീയ ജാതിമത ഭേദമില്ലാതെ പ്രതിഷേധ റാലികളും യോഗങ്ങളും നടന്നു. ഈ പ്രസ്ഥാനം



ഉയർത്തിക്കാട്ടിയ 'നോട്ട് ഇൻ മൈ നെയിം' എന്ന പൊതു ആശയം വ്യക്തമാക്കുന്നത് അക്രമത്തിനെതിരായ മുഴുവൻ മനുഷ്യസമൂഹത്തിന്റെയും വികാരമാണ്. ഡൽഹിയിലെ ജന്തർമന്തറിൽ പതിനായിരങ്ങളാണ് ഈ ആശയം ആലേഖനം ചെയ്ത ബാനറുകളുമായി അണിനിരന്നത്. ഡൽഹിക്കു തൊട്ടടുത്തുള്ള യുപിയിൽ അജയ്സിങ് ബിഷ്ട് എന്ന യുവാവ് 2002ൽ ഹിന്ദു യുവവാഹിനി എന്ന ഹിന്ദു തീവ്രവാദ സംഘടനയ്ക്ക് രൂപം നൽകി രംഗത്തുവന്നതോടെ അദ്ദേഹം സംഘപരിവാർ അനുയായികളുടെ 'യോഗി'യായി അവരോധിക്കപ്പെട്ടു. ഇതോടൊപ്പം അജയ് സിങ് അനുയായികൾക്ക് യോഗി ആദിത്യനാഥും വിമർശകർക്ക് വിദ്വേഷയോഗിയായും രൂപാന്തരപ്പെട്ടു.


തന്റെ യുവവാഹിനിയിലൂടെ ആദിത്യനാഥ് ഹിന്ദുമത വിശ്വാസികളുടെ ആരാധ്യപുരുഷനായും നേതാവായും ഖ്യാതി നേടുകയും ഗോരഖ്പൂരിൽ നിന്നും തുടർച്ചയായി അഞ്ചുവട്ടം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മുസഫർപൂർ മുസ്ലിം വിരുദ്ധ കലാപം, ബോളിവുഡ് താരം ഷാരുഖ് ഖാനെതിരായ കുപ്രചരണം, ദാദ്രി കൊലപാതകത്തിന്റെ സൂത്രധാരൻ, 'ഘർവാപസി' പ്രസ്ഥാനത്തിന് ആഗ്രയിൽ തുടക്കമിട്ട നേതാവ്, 'ലൗ ജിഹാദി'ന് നേതൃത്വം നൽകിയ വ്യക്തി എന്നിങ്ങനെ നിരവധി മുസ്ലിം ന്യൂനപക്ഷ വിരുദ്ധ നടപടികൾ ഈ വിദ്വേഷ യോഗി ക്ക് ഹിന്ദു മതഭ്രാന്തന്മാർക്കിടയിൽ വൻ സ്വീകാര്യതയാണ് നേടിക്കൊടുത്തത്. മരിച്ച മുസ്ലിം സ്ത്രീകളെ ഖബർസ്ഥാനിൽ നിന്നും പുറത്തെടുത്തു മാനഭംഗത്തിനിരയാക്കണമെന്നുവരെ ഈ 'യോഗി' ആഹ്വാനം ചെയ്യുകയുണ്ടായത്രേ. ഈ ആഹ്വാനത്തെതുടർന്ന് മീററ്റിനുംഗസിയാബാദിനും




ഇടയിലുള്ള ഒരു പ്രദേശത്ത് ഖബർസ്ഥാനിൽ കുഴിയെടുത്തു മരിച്ച മുസ്ലിം യുവതിയുടെ ശരീരം പുറത്തെടുത്ത് മാനഭംഗത്തിനിരയാക്കിയതായും വാർത്തയുണ്ടായിരുന്നു. ഗുരുജി ഗോൾവാൾക്കറുടെ ന്യൂനപക്ഷവിരുദ്ധ ആഹ്വാനം അതിന്റെ പൂർണതയിൽ പ്രാവർത്തികമാക്കാൻ സന്നദ്ധനായ ആദിത്യനാഥിനെയാണ് ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർ പ്രദേശിലെ മുഖ്യമന്ത്രിയാക്കിയതെന്നതിൽ അത്ഭുതത്തിനവകാശമില്ല. ഇന്നും തീർപ്പാകാതെ അവശേഷിക്കുന്ന നിരവധി ക്രിമിനൽ കേസുകൾ ആദിത്യനാഥിനെതിരായുണ്ട്. അയോധ്യയിൽ രാമക്ഷേത്ര നിർമാണത്തിനായുള്ള പ്രക്ഷോഭണങ്ങളിൽ സജീവ പങ്കാളിയായി തുടരുന്നത് ഈ 'യോഗി' തന്നെയാണ്. 'യോഗ'യെ എതിർക്കുന്നവരെ പാകിസ്ഥാനിലേയ്ക്കു നാടുകടത്തണമെന്നും മുസ്ലിങ്ങൾക്കൊന്നും വോട്ടവകാശം നൽകരുതെന്നും തുടർച്ചയായി ആവശ്യപ്പെട്ടിരുന്ന ഒരു വ്യക്തിയെ പ്രത്യേകം കണ്ടെത്തിയാണ് യുപിയിൽ നരേന്ദ്രമോഡിയുടെ സബ്കാ സാഥ്, സബ്കാ വികാസ് നടപ്പാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നതും യാദൃച്ഛികതയല്ല. ഇത്തരമൊരു ലക്ഷ്യപ്രഖ്യാപനവുമായി ചേർത്തുകാണേണ്ട കാര്യമാണ് ആദിത്യനാഥിന്റെ നേതൃത്വത്തിൽ സമ്മേളിക്കുന്ന യു പി നിയമസഭയിൽ ഒരൊറ്റ മുസ്ലിം എംഎൽഎപോലും ഇല്ലെന്നത്.

ശാസ്ത്രത്തിലോ മാനവിക ശാസ്ത്രവിഷയങ്ങളിലോ ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റുകളുമുള്ള നിയമസഭാ സാമാജികരും ലോക്സഭാംഗങ്ങളും മന്ത്രിമാരും സംസ്ഥാന കേന്ദ്രഭരണ സമിതികളിൽ ഉണ്ടായിരിക്കാം. എന്നാൽ അവർ അടിയുറച്ച് വിശ്വസിക്കുന്നതും പ്രചരിപ്പിച്ചുവരുന്നതും വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും ഭീഷണിയുടെയും കൊലപാതകത്തിന്റെയും രാഷ്ട്രീയവും പ്രത്യയശാസ്ത്രവുമാണ്. ഇവരുടെ ആത്യന്തികലക്ഷ്യമാണെങ്കിൽ ഇടുങ്ങിയ ദേശീയതയും. മുകളിൽ സൂചിപ്പിച്ചവിധത്തിൽ വെറുപ്പിന്റെ പശ്ചാത്തലം ദേശീയതലത്തിൽ അതിവേഗം വ്യാപകമായിവരുന്ന സാഹചര്യത്തിൽ ഗാന്ധിജിയുടെ പേരിൽ വർഷത്തിലൊരിക്കൽ ആർഎസ്എസ് സംഘപരിവാർ ശക്തികളോട് വാചാലമായി സംസാരിക്കുന്ന പ്രധാനമന്ത്രിയല്ല നമുക്കാവശ്യം. സബർമതി ആശ്രമത്തിന്റെ വേദിയിൽ പ്രകടമാക്കുന്ന ഈ കൃത്രിമ വികാരപ്രകടനവും ആവേശവും കൊണ്ട് യാതൊന്നും നേടാനാവില്ല. ഇത്തരം അഭ്യാസങ്ങളെല്ലാം ഒരു ഫാസിസ്റ്റ് ഭരണാധികാരിയുടെ കാപട്യം മാത്രമായെ സാമാന്യബുദ്ധിയുള്ളവർക്ക് അനുഭവപ്പെടുകയുള്ളു. ഇത്തരം മൂടുപടം അഴിച്ചുമാറ്റി ഒരു യഥാർത്ഥ ജനാധിപത്യ ഭരണകർത്താവായി നരേന്ദ്രമോഡിക്ക് ഒരിക്കലും രംഗത്തുവരാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇതാണ് ഇന്ത്യൻ ജനതയെ തുറിച്ചുനോക്കുന്ന യാഥാർത്ഥ്യം.





സിജാഹ് കാരന്തൂർ

# ഹാ! കൊതിപ്പിക്കുന്ന ഗന്ധം

മനുഷ്യനെവിടെ?
കൊത്തിനുറുക്കപ്പെട്ട്
കുഴിമാടങ്ങളിലടക്കം ചെയ്യപ്പെട്ടു
നഗരങ്ങളെല്ലാം കാടുകളായി
വിശപ്പടക്കാൻ
മർത്യമാംസങ്ങൾ
ഹാ ! കൊതിപ്പിക്കുന്നു ഗന്ധം
മൺത്തരികൾക്കെല്ലാം
നിണമണം പരക്കുന്നു
കടലിൽ നിന്നാരോ
നിലവിളിക്കുന്നു

ആരത് കേൾക്കാൻ
തോക്കിൻ മുനമ്പിൽ
അനേകം ജീവനുകൾ
തൃശൂല മുനകൾ പെണ്ണിന്റെ
പ്രസവമെടുക്കുന്നു
ഉടുപ്പും പുതപ്പും
കാവിയിൽ താഴുന്നു
ഹാ! കൊതിപ്പിക്കുന്നു ഗന്ധം



കവർഫ്രെയിം



അമീൻ തിരുവള്ളൂർ

# റോഹിംഗ്യ: വംശവെറിയുടെ ചരിത്രവും അപനിർമ്മാണങ്ങളും.

ബർമ്മ ചരിത്രപരമായി ബുദ്ധമത ഭൂരിപക്ഷ പ്രദേശമാണ്. ശ്രീബുദ്ധന്റെ ശിഷ്യാചാര്യനായ കാശ്യാപിന്റെ അനുയായികളായ തേർവാട ബുദ്ധിസമാണ് അവിടെ കൂടുതൽ. മഹായാന വിഭാഗവും ഉണ്ട്. പിൽക്കാലത്ത് ശ്രീബുദ്ധന്റെ ദർശനങ്ങളെ ചൂഷണോപാധിയാക്കി ബർമ്മൻ ബുദ്ധിസം ഒരുതരം രാഷ്ട്രീയ പൗരോഹിത്യമായി മാറുകയായിരുന്നു. ആദ്യകാലത്ത് ഇതര മതസമൂഹങ്ങളോട് അനുതാപപൂർവ്വമായ നിലപാടായിരുന്നു അവർ സ്വീകരിച്ചിരുന്നത്. ബുദ്ധദർഷനങ്ങൾക്ക് അവിടെ രണ്ടായിരത്തിലധികം കൊല്ലത്തെ ചരിത്രമുണ്ട്. എന്നാൽ ന്യൂനപക്ഷമായ മുസ്ലിംകളുടെ ചരിത്രത്തിനും അവിടെ പതിനാല് നൂറ്റാണ്ടിന്റെ ചരിത്രം ഉണ്ട്. സ്വഹാബിവര്യനായ സഅദ് ബിൻ അബീവക്കാസ് ആണ് അവിടെ ഇസ്ലാ മെത്തതിച്ചത്. ഇവരുടെ പിന്മുറക്കാറിലാണ് ഇന്നത്തെ രോഹിംഗ്യൻ മുസ്ലിംകളുടെ സ്വത്വം രൂപപ്പെടുന്നത്. ഒന്നര മില്യൻ ആണ് ഇന്ന് രോഹിൻഗ്യകളുടെ ജനസംഖ്യ. മ്യാൻമാറിന് പുറമെ വിവിധ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലായി അവർ ചിതറി കഴിയുന്നു. ഭാഷാപരമായും സാംസ്കാരികമായും വേറിട്ട് നിൽക്കുന്ന ഇവരെ ഉൾകൊള്ളാനോ മാനുഷികവായ്പുകൾ നൽകാനോ വർത്തമാന ബുദ്ദിസ്റ്റുകളും അവർ നിയന്ത്രിക്കുന്ന മ്യാൻമർ ഭരണകൂടമോ തയ്യാറാകാത്തതാണ് പുതിയ വംശഹത്യയുടെ പ്രകടരാഷ്ട്രീയം.

റോഹിംഗ്യ: മുസ്ലിം സ്വത്വത്തിന്റെ വേരുകൾ.

പണ്ടുകാലത് മലയാളികളടക്കം നിരവധി ഇന്ത്യക്കാർ തൊഴിൽതേടിപ്പോയ ബർമ്മയാണ് പിന്നീട് മ്യാന്മാറായത്.മ്യാന്മാറിലെ ഇസ്ലാമാഗമ്നവുമായിബന്ധപ്പെട്ട് നിരവധിഭാഷ്യങ്ങൾനിലനിൽക്കുന്നുണ്ട്.ചരിത്രകാരന്മാരുടെ കണക്ക് പ്രകാരം മ്യാന്മാറിൽ മുസ്ലിം ജീവിതത്തിന്ആരംബം കുറിക്കുന്നത് പന്ത്രണ്ടാം നൂറ്റാണ്ടിലാണ്.എന്നാൽ അതി പ്രാചീനകാലം തൊട്ടേ റോഹിംഗ്യകൾ അവിടെ താമസിച്ചു വരുന്നു എന്നാണ് അറാകാൻ റോഹിംഗ്യൻ നാഷണൽ ഓർഗ്ഗനൈസേഷന്റെ വാദം.1824ൽ ബ്രിട്ടീഷ് കോളനിയായ മ്യാന്മാർ പിനീട് 1948 ലാണ് മോചിതമാവുന്നത്.നൂറു വർഷത്തെ ബ്രിട്ടീഷ് അധീന കാലത്ത് (18241948)ആധുനീക ഇന്ത്യയിൽ നിന്നും ബംഗ്ലാദേശിൽ നിന്നും ഇന്നത്തെ മ്യാന്മാറിലേക്ക് വലിയ തോതിലുള്ള തൊഴിലാളി കുടിയേറ്റം നടന്നിരുന്നു.ഈ കുടിയേറ്റം ഒരു രാജ്യത്ത്നിന്ന് മറ്റൊരു രാജ്യത്തേക്കുള്ള അനധികൃത കുടിയേറ്റമായി കണക്കാകാൻ പറ്റുമായിരുന്നില്ല.മനുഷ്യാവകാശ കമ്മീശന്റെ അഭിപ്രായ പ്രകാരം ആഭ്യന്തര കുടിയേറ്റമായേ ഇതിനെ കാണാനൊക്കൂ.അന്നത്തെ ബ്രിട്ടീഷ് അധീന മ്യാന്മാർ ഇന്ത്യയുടെ പ്രവിശ്യയാണെന്നതാണ് അതിനൊരു കാരണം.വൻ തോതിലുള്ള ഈ തൊഴിലാളികുടിയേറ്റത്തെ മ്യാന്മാറിലെ ഭൂരിപക്ഷം (ബുദ്ധമത വിഭാഗം) മറ്റൊരു ദൃഷ്ടിയിലൂടെ വീക്ഷിചു.മ്യാന്മാർ വൈദേശികരുടെ കരങ്ങളിൽനിന്നും മോചനം നേടിയതിന്നു ശേഷം രാജ്യത്തെ ഗവർമ്മന്റും ഭൂരിപക്ഷ ജന വിഭാഗവും ബ്രിട്ടീഷ് ഭരണകാലത്ത് ന

ടന്ന ഈ തൊഴിലാളി കുടിയേറ്റം നിയമ വിരുദ്ധമാണെന്നും തദടിസ്ഥാനത്തിലാണ് റോഹിംഗ്യൻ മുസ്ലിംകൾക്ക് മ്യാന്മാർ പൗരത്വം നിഷേധിചതെന്നും ഹ്യുമൺ റൈറ്റ് വാച് 2000 ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഈയൊരു കണക്കു കൂട്ടലാണ് റോഹിംഗ്യകൾ ബംഗാളികളാണെന്ന നിഗമനത്തിലേക്ക് തീവ്രബുദ്ധിസ്റ്റുകളെ എത്തിചത്.

**തീവ്ര ബുദ്ധിസ്റ്റുകളുടെ ബലിമൃഗങ്ങൾ.**

ചുരുക്കത്തിൽ ,1948 ൽബ്രിട്ടീഷ് കോളനിയിൽനിന്നും മ്യാന്മാർ മോചിതമായതിനു ശേഷം ഭരണകൂടം കേന്ദ്ര പൗരത്വ നിയമം പാസ്സാക്കി.അന്താരാഷ്ട്ര മനുഷ്യാവകാശ കമ്മീഷൻ അഭിപ്രായപ്പെടുന്നത് പ്രകാരം നാനാ ജാതിക്കാരായ ജനവിഭാഗങ്ങൾക്കും പൗരത്വം നൽകിയപ്പോൾ റോഹിംഗ്യകൾമാത്രം പൗരത്വം നിശേദിക്കപ്പെട്ട് മാറ്റിനിർത്തപ്പെട്ടു. എന്നിരുന്നാലും ചില ഉപാദികളോടെ അവരിൽ ചിലർക്ക് ഗവർമ്മെന്റ് തിരിചറിയൽ കാർഡ് നൽകി.1948ന് മുമ്പ് ആരുടെയെങ്കിലും കുടുബത്തിന്റെ രണ്ട് തലമുറ മ്യാന്മാറിൽ ജീവിചിരുന്നു എന്നതിന്ന് മതിയായ തെളിവുകൾ ഉണ്ടെങ്കിൽ മാത്രമായിരുന്നു ഈ ഉപാദി.ഈ ഉപാദിയുടെ പിൻബലത്തിൽ ചില റോഹിഗ്യകൾക്ക് പാർലമെന്റിൽ വരെനിയമനമുണ്ടായി. ഈ അനുഭൂതി അവസാനിക്കാൻ അധിക നാൾ വേണ്ടിവന്നില്ല.1962ലെ മ്യാന്മാറിലുണ്ടായ പട്ടാള അട്ടിമറിക്കു ശേഷം മുസ്ലിംകളുടെ ജീവിതം എല്ലാനിലയിലും പൊടുന്നനെ താറുമാറായി.റോഹിംഗ്യൻ മുസ്ലിംകളൊഴികെ എല്ലാപൗരന്മാരോടും നഷണൽ രജിസ്ട്രേഷൻ ൻ കാർഡ് കൈപറ്റാൻ പട്ടാളഭരണകൂടം ഉത്തരവിട്ടു.പക്ഷേ റോഹിംഗ്യകൾക്കു മാത്രം വിദേശ തിരിചറിയൽ കാർഡ് നൽകി ഭരണകൂടം അവരെ വിദേശികളാക്കിമാറ്റി .റോഹിംഗ്യകൾ വിദേശികളാണെന്ന് പ്രഖ്യാപിക്കുന്ന ആദ്യ ഘട്ടമാണിത്.ഇതോട്കൂടെ റോഹിംഗ്യകളുടെ നിത്യവൃത്തിക്കും മക്കളുടെ വിദ്യാഭ്യാസം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഘലയിലും കാലപരിധിയുടെ താഴ് വീണു.പിന്നീട് അവരുടെ നിലനിൽപ്പ് തന്നെ നഷ്ടപ്പെടുന്ന അവസ്ഥയിലായി കാര്യങ്ങൾ.1982ൽ വീണ്ടും പട്ടാള ഭരണകൂടം പുതിയൊരു പൗരത്വ നിയമം പാസ്സാക്കി.ഇതോടുകൂടെ സ്വന്തം ഭൂമിയിൽനിന്ന് കുടിയിറക്കപ്പെട്ടവന്റെ പരിവേദ്നയായി റോഹിംഗ്യൻ മുസ്ലിംകൾക്ക്.രാജ്യത്തെ 132ജന വിഭാഗങ്ങളിൽ ഒന്നുപോലുമായി അംഗീകരിക്കപ്പെടാതെ രാജ്യത്തിനു പുറത്തേക്ക് എടുത്തെറിയപ്പെടുകയായിരുന്നു ഇവർ.പ്രകൃതിയാ മ്യാന്മാറുകാരനാവണമെങ്കിൽ 1948 നു മുംബ് കുടുംബാങ്ങങ്ങളിലാരെങ്കിലും രാജ്യത് ജീവിചതിന്ന് മതിയായ തെളിവുകൾ ഭരണകൂടത്തിനു മുംബിൽ നിരത്തണം.മാത്രവുമല്ല നിലവിലുള്ള ഭാഷകളിലൊന്ന് ഒഴുക്കോടെ സംസാരിക്കുകയും വേണം.ഇത്രയും രേഖകൾ തെയ്യാറാക്കാനുള്ള സാക്ഷരതയുടെ അഭാവം റോഹിംഗ്യകൾക്ക് പൗരത്വം നേടിയെടുക്കുന്നതിൽ തടസ്സമായി എന്നതാണ് വസ്തുത.പഠിക്കാനും പ്രവർത്തിക്കാനും യാത്രചെയ്യാനും വിവാഹം കഴിക്കാനും സ്വതന്ത്രമായി മതാചാരങ്ങളനുഷ്ഠിക്കാനും ഈ നിയമം അവർക്ക് വിലങ്ങുതടിയായിമാറി.എന്തിനധികം പറയണം ഇവറ്റകളുടെ ആരോഗ്യവിഷയങ്ങളിൽ ലഭ്യമാവേണ്ട അടിസ്ഥാന സേവനങ്ങൾക്ക് വരെ ഭരണകൂടം പരിമിതി ഏർപ്പെടുത്തി. വോട്ടനുമതി നിശേധിചു.മനുഷ്യനാണെന്ന ലേബലിൽ ലോകത്ത് ഏതൊരു ഭരണകൂടവും അവരുടെ പൗരന്മാർക്ക് വകവെചു കൊടുക്കേണ്ട അടിസ്ഥാന സംവിധാനങ്ങളായ ആശുപത്രികളുടെയും,കോടതി നിയമ സംവിധാനങ്ങളുടെയും,സർക്കാർ ഓഫീസുകളുടെയും വാതിലുകൾ റോഹിംഗ്യകൾക്കു മുംബിൽ മാത്രം കൊട്ടിയടക്കപ്പെട്ടു.1970കളുടെ ആരംഭം മുതൽ തുടങ്ങിയ ശക്തമായ അടിചമർത്തലിന്റെ ഭാഗമായി ആയിരക്കണക്കായ റോഹിംഗ്യകളാണ് ബംഗ്ലാദേശ്,മലേഷ്യ, തായ്ലാന്റ് ഉൾപ്പടെ തെക്കുകിഴക്കനേശ്യൻ രാജ്യങ്ങളിലേക്ക് നിർബന്ധ പലായനം നടത്തിയത്.പ്രാണനും കൊണ്ട് ഓടുന്നതിനിടയിൽ എണ്ണമറ്റ സ്ത്രീകളെ പട്ടാളക്കാർ നിഷ്ഠൂരമായി ബലാൽസംഘം ചൈയ്തു.അഭയാർത്ഥികളിൽ പലരുടെയും അവയവങ്ങൾ ചേദിക്കുന്നത് പതിവായി.മറ്റുചിലരെ ജീവനോടെ കത്തിച്ച്കളഞ്ഞു.ചിലർക്ക് തോക്കിൻ മുനയിൽ ജീവിതം ത്വജിക്കേണ്ടിവന്നു.2016 ഒക്ടോബറിൽ ഒമ്പത് അതിർത്തി സേനകളുടെ കൊലപാതക കുറ്റംചുമത്തി റാഖിനിലെ ഗ്രാമങ്ങൾതോറും സൈന്യം വെടിവെപ്പ് നടത്തി.റോഹിംഗ്യകളിൽ സായുധ പോരാളികളുണ്ടെന്ന ബോധപൂർവമായ ആരോപണങ്ങൾക്ക് ഭരണകൂടം നേതൃത്വംനൽകി.ഈ സൈനിക ക്രൂരതകളെ മനുഷ്യാവകാശ കമ്മീഷൻ നിശിതമായി വിമർശ്ശിചപ്പോൾ മ്യാന്മാർ ഗവർമ്മെന്റ് ആക്രമണത്തെ നിശേധിക്കുകുകയും സൈന്യത്തെ പിന്തുണക്കുകയുമാണുണ്ടായത്.പലപ്പോഴായി മ്യാന്മാർ ഭരണകൂടം ഈ വിഷയത്തിൽ ആഗോള സംഘടനകളുടെ പഴി കേൾക്കേണ്ടിവന്നിട്ടുണ്ട്.പൂർണ്ണമായ വംശീയ ഉന്മൂലനമാണ് മ്യാന്മാർ ലക്ഷീകരിക്കുന്നെതെന്ന് 2016 ന

വംബറിൽ യു.എൻ സമിതി അപലപിക്കുകയുണ്ടായി.മറ്റൊരു സന്ദർഭത്തിൽ 2013ഏപ്രിലിൽ ഹ്യൂമൺ റൈറ്റ് വാചിന്റെ വിമർശ്ശനങ്ങൾ മ്യാന്മാർ നേരിടേണ്ടിവന്നു.അപ്പോഴൊക്കെ ഭരണകൂടം ഇത്തരം ആരോപണങ്ങളിൽനിന്ന് മനപ്പൂർവ്വം ഒഴിഞ്ഞുമാറുകയോ പുറംതിരിഞ്ഞ് നിൽക്കുകയൊ ചെയ്യാറാണ് പതിവ്. റാഖിനിലെ താമസക്കാരും മനുഷ്യാവകാശപ്രവർത്തകരും സ്ത്രീകളും കുട്ടികളുമുൾപ്പടെ നിരായുധരായ റോഹിഗ്യകൾക്കെതിരെനടക്കുന്ന മനുഷ്യാവകാശലംഘനങ്ങൾ ഒന്നൊന്നായി വെളിപ്പെടുത്തുംബോഴും ഈരോദനങ്ങളെളാന്നും കേട്ട ഭാവം പോലുംനടിക്കാതെ വിമുഖത കാട്ടുകയാണ് ഭരണകൂടം.അപ്പോഴും കൊല്ലപ്പെട്ട നൂറ് സൈനികരുടെ കണക്ക് പറഞ്ഞ് റോഹിംഗ്യകളെ പ്രതിക്കൂട്ടിലാകുകയാണ് ചെയ്യുന്നത്.ആക്രമണം പൊട്ടിപ്പുറപ്പെട്ട സമയത്ത് രാഖിനിലെ പത്ത് ഗ്രാമങ്ങളാണ്





സൈന്യം തീവചതെന്ന് മനുഷ്യാവകാശ പ്രവർത്തകർ വെളിപ്പെടുതുകയുണ്ടായി. പല റോഹിംഗ്യകളും തീയിൽ വെന്തെരിഞ്ഞപ്പോൾ അമ്പതിനായിരം ആളുകൾ പ്രാണനുംകൊണ്ട് ഓടിരക്ഷപ്പെട്ടു.അവരിൽതന്നെ പലരും അതിർത്തികളിൽ വെച് തടവിലാക്കപ്പെട്ടു.യു.എൻ സമിതിയുടെ ഔദ്യോകിക നിരീക്ഷണമനുസരിച് ബഗ്ലാദേശിലേക്ക് കടക്കാൻ ശ്രമിച നൂറ് കണക്കായ റോഹിംഗ്യകളെ മ്യാന്മാർ സൈന്യം ബലം പ്രയോകിച് അതിർത്തികളിൽനിന്ന് തിരിചയക്കുകയാണ് ചെയ്യുന്നത്.ഇത്തരതിൽ എങ്ങോട്ടും രക്ഷപ്പെടാനനുവധിക്കാതെ റോഹിംഗ്യകളെ ക്രൂരമ്പുകളെറിഞ്ഞ് വീഴ്ത്തുകയാണ് സൈന്യം.

**അതിജീവനം: ആശയും ആശങ്കയും.**

1970കളുടെ ആരംഭത്തിൽ പത്ത് ലക്ഷം റോഹിംഗ്യകളാണ് മ്യാന്മാർ സേനയുടെ വ്യാപക ആക്രമണം മൂലം നാട് വിട്ടത് .2012മുതൽ നാടുവിട്ട റോഹിംഗ്യകളുടെ എണ്ണം ഏകദേശം രണ്ടു ലക്ഷത്തോളം വരുമെന്നാണ് യു.എൻ സഭയുടെ ഏറ്റവും പുതിയ കണ്ടെത്തൽ .2016ഏപ്രിൽ മുതൽ 2017ജൂലൈ വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഒരു ലക്ഷം റോഹിഗ്യകളാണ് ബംഗ്ലാദേശിൽ അഭയാർത്ഥികളായി എത്തിയതെന്ന് ഇന്റർനാഷണൽ ഓർഗ്ഗനൈസ്സേഷൻ ഫോർ മൈഗ്രേഷൻ വെളിപ്പെടുത്തുന്നു.ബംഗാൾ ഉൾക്കടലിലൂടെ ബോട്ട്മുഖേന അഭയാർത്ഥി സമൂഹം മലേഷ്യയിലേക്ക് കടക്കുന്ന രംഗം അതീവ ഭീകരമാണ്.നദികളും സമുദ്രങ്ങളും മുറിചു കടക്കുന്നതിനിടെ കൈകുഞ്ഞുങ്ങളുമായി പലകുടുംബങ്ങളും മുങ്ങിരിക്കുകയും ചെയ്യുന്നത് പതിവാവുകയാണ്.2012നും15നും ഇടയിൽ 112000 അഭയാർത്ഥികളാണ് സാഹസിക യാത്രയിലൂടെ മ്യാന്മാർ വിട്ടത്.യു.എൻ സഭയെ ഉദ്ധരിചുകൊണ്ട് ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വാർത്താ ഏജൻസി റോയിട്ടേഴ്സ് പറയുന്നത് പ്രകാരം കഴിഞ്ഞ ആഗസ്റ്റ് മാസാവസാനം മ്യാന്മാറിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തുണ്ടായ ലഹളയെ തുടർന്ന് 90000 റോഹിംഗ്യകളാണ് കഴിഞ്ഞ രണ്ടാഴ്ചകളിലായി മാത്രം ബംഗ്ലാദേശിലേക്ക് കുടിയേറിയത്. അതിനും പുറമെ ഒരുതീരവുമണയാതെ വിജനമായസ്ഥലത്ത് പതിനായിരത്തോളം റോഹിംഗ്യകളാണ് ഒരുനേരത്തെ അന്നം പോലുമില്ലാതെ ഒറ്റപ്പെട്ട് ദിനേനെ മരിചു വീഴുന്നത്.

**കനിവില്ലാത്ത അയൽക്കണ്ണുകൾ.**

ബംഗ്ലാദേശിലെ കെട്ടിയുണ്ടാകിയ താൽകാലിക ടെന്റുകളിൽ കഴിഞ്ഞു കൂടുന്ന അഭയാർത്ഥികളുടെ എണ്ണം അഞ്ചുലക്ഷമാണത്രെ.ബംഗ്ലാദേശ് ഗവർമ്മെന്റിന്റെ കണ്ണിൽ ഇവർ രാജ്യത് നിയമ വിരുദ്ധമായി നുഴഞ്ഞുകയറിയവരാണ് .റോഹിംഗ്യൻ അഭയാർത്ഥികളുടെ ഈ വരവ് ബംഗ്ലാദേശ് അതിർത്തി സേന പലഘട്ടങ്ങളിലായി നിർത്തലാക്കിയിരുന്നു. എന്നിരുന്നാലും റോഹിംഗ്യളെ സംബ

ന്ധിചടുത്തോളം ഏറ്റവും എളുപ്പമുള്ളതും നിർഭയത്വത്തോടെ എളുപ്പത്തിൽ കയറിചെല്ലാൻ പറ്റുന്ന ഇടം ബംഗ്ലാദേശ് മാത്രമാണ്.ബംഗ്ലാദേശ് അവരുടെ സഹായ ഹസ്തങ്ങൾ പലപ്പോഴായി റോഹിഗ്യകൾക്ക് നേരെ നീട്ടിയിട്ടുണ്ട്.കഴിഞ്ഞ ജനുവരി മാസം കുടിയിറക്കപ്പെട്ട ആയിരക്കണക്കായ റോഹിംഗ്യകൾക്ക് സ്വന്തമായൊരു ഭൂമി എന്ന നിഗമനത്തിലേക്ക് ബംഗ്ലാദേശ് എത്തിയിരുന്നു.അഭയാർത്ഥികൾക്കുവേണ്ടി അവർ കണ്ടെത്തിയ വിജന ദ്വീപ് ഒറ്റപ്പെട്ടതും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനാലും ഈ ശ്രമം അവർ ഉപേക്ഷിക്കുകയായിരുന്നു.ഏറ്റവുമൊടുവിൽ റോഹിംഗ്യൻ അഭയാർത്ഥികളെ തുരത്താൻ മ്യാന്മാറിനൊപ്പം സൈനിക നീക്കം നടത്തുകയാണ് ബംഗ്ലാദേശ്.സ്വന്തം രാജ്യത്തേക്ക് അഭയാർത്ഥികളെ സ്വീകരിക്കാൻ ബംഗ്ലാദേശ് ഭയക്കുന്നതിന്ന് പലതുണ്ട് കാരണം

**സൂകി : അശ്ലീലമായ മൗനം.**

രാജ്യം ഭരിക്കുന്ന ആങ് സാൻ സൂകിയുടെ നേതൃതത്തിലുള്ള ഭരണകൂടം റോഹിംഗ്യകളുടെ വിഷയത്തിൽ ഏവരുടെയും ശ്ര്ദ്ധാകേന്ദ്രമാണ്.അഭയമില്ലാതെ അലയുന്ന ജനതയോട് ആശ്വാസത്തിന്റെ ഒരു വാക്കു പോലും ഇതുവരെ അവർ ഉചരിചിട്ടില്ല എന്നതാണ് സത്യം.ലോകതെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രവർത്തക ഭരണാധികാരിയായ രാജ്യത്തിന്റെ അവസ്ഥയാണിന്ന് ലോകം അതിദയനീയമായി ദർശ്ശിചുകൊണ്ടിരിക്കുന്നതെന്നത് ഖേദകരം തന്നെ.റോഹിംഗ്യകൾക്കെതിരെ പട്ടാളം തുടർന്നു കൊണ്ടിരിക്കുന്ന അതി പൈശാചികമായ ചെയ്തികൾ സർക്കാറിന്റെ കണ്ണിൽ ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങളാണെന്നറിയുംബോഴാണ് പ്രയാസമിരട്ടിക്കുന്നത്.സമാധാനത്തിനുള്ള നോബേൽ കിരീടമണിഞ്ഞ ഈ തലൈവി തന്റെ പട്ടാളക്കാർക്കെതിരെ നടപടിയെടുക്കുന്നതിൽ പൂർണ്ണ പരാജിതയാണ്.2016 ഒക്ടോബറിൽ സൈന്യം റോഹിംഗ്യകൾക്കെതിരെ നടത്തിയ ആക്രമണം വ്യക്തമായ കുറ്റകൃത്യമാണെന്ന് യു.എൻ കണ്ടെത്തുകയും തടദിസ്ഥാനത്തിൽ 2017 ഫെബ്രുവരിയിൽ ഒരു റിപ്പോർട്ടായി അത് പുറത്തിറക്കുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ടിനെതിരെ ഭരണകൂടത്തിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു;നിയമാനുസാരമായ മാർഗ്ഗത്തിലൂടെ രാജ്യത്ത് വർദ്ധിചുവരുന്ന ഭീകരവാദ പ്രവർത്തനങ്ങൾക്ക് തടയിടേണ്ടതിനാൽ ആഭ്യന്തരമായ അന്വേശണം നടത്തേണ്ട ബാധ്യത ഭരണകൂടങ്ങൾക്കുണ്ട്. കഴിഞ്ഞ ഏപ്രിൽമാസത്തിൽ സൂഖിയുമായി ബി.ബി.സി ഒരഭിമുഖം നടത്തുകയണ്ടായി. മ്യാന്മാറിൽ നടക്കുന്ന വംശീയ ഉന്മൂലനത്തെ സംബന്ധിച ചോദ്യങ്ങൾക്ക് സൂകി നൽകിയ മറുപടി മനുഷ്യത്വം മരവിക്കാത്ത ഏതൊരാളെയും വേദനിപ്പിക്കുന്നത് തന്നെയാണ്, വംശീയ ഉന്മൂലനം(ฏവേിശര ഇഹലമിശെിഴ) എന്നപദംതന്നെ നിങ്ങൾ അസ്ഥാനത്താണ് ഉപയോകിചിരിക്കുന്നത് .നിങ്ങൾ പറയുമ്പോലെയുള്ള വംശീയ ഉന്മൂലനമൊന്നും അവിടെ നടക്കുന്നുണ്ടെന്ന് എനിക്കു തോനുന്നില്ല. റാഖിനിലെ ചുറ്റുപാടുകൾ വിശദീകരിക്കാൻ നിങ്ങളുപയോകിച കേവലം സംജ്ഞ മാത്രമാണിത്.റോഹിംഗ്യകൾക്കുമേൽ സൈന്യം നടത്തുന്ന ക്രൂരകൃത്യങ്ങളിൽ ഭരണകൂടത്തിന്റെ ശ്രദ്ധ എത്രത്തോളമുണ്ടെന്നതിനുള്ള മതിയായ തെളിവുകൂടിയാണീ മറുപടി.പ്രദേശത്ത് വളരെകാലമായി നിലനിൽക്കുന്ന ഭിന്നതക്കൊരു പരിഹാരമെന്നോണം കാര്യങ്ങളന്വേശിച് റിപ്പോർട്ട് നൽകാൻ മുൻ യു.എൻ തലവൻ കോഫി അന്നന്റെ നേതൃത്ത്വതിൽ ഭരണകൂടം ഒരു സമിതിയെ നിശ്ചയിക്കുകയും തടദിസ്ഥാനത്തിൽ അവർ ഭരണകൂടത്തിന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.അന്താരാഷ്ട്രതലത്തിൽ ഇതിന്ന് വലിയ സ്വീകാര്യത ലഭിചെങ്കിലും,അന്താരാഷ്ട്ര സമൂഹത്തിന്ന് ആശ്വാസം പകരാനും അവരെ ബോധ്യപെടുത്താനും ഒരുപൊടിക്കൈ മാർഗ്ഗം എന്ന ലക്ഷ്യം മാത്രമാണ് ഇതിന്നു പിന്നിലെന്ന് സെന്റർ ഫോർ ഗ്ലോബൽ പോളിസിയുടെ മുതിർന്ന നേതാവ് അസീസ് ഇബ്രാഹീം ആരോപിക്കുകയുണ്ടായി.റാഖിനിൽ നടക്കുന്ന മാനുഷ്യാവകാശ ലഘനങ്ങളെ കുറിചന്വേശിക്കാനുള്ള ഉത്തരവുകളൊന്നും ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.മറിച് പ്രദേശത്ത് ദീർഘകാലത്തേക്കവിശ്യമായ സാംബത്തിക പുരോഗതി,വിദ്യഭ്യാസം,ആരോഗ്യം തുടങ്ങിയ മേഖലകളിലുണ്ടാവേണ്ട മാറ്റങ്ങളുടെ കേവലം വിലയിരുത്തൽ മാത്രമാണ് സംഘം റിപ്പോർട്ടായി നൽകിയതെന്നാണ് വാസ്തവം.സൈനിക ആക്രമണങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താനും കൂട്ടത്തിൽ കമ്മീഷൻ അവശ്യപ്പെട്ടു.എന്നാൽ കമ്മീഷന്റെ നിർദ്ദേശങ്ങളെ ക്രിയാത്മകമായി നടപ്പിലാക്കാൻ ഇതുവരെ ഭരണകൂടം തെയ്യാറായിട്ടില്ല.ഇത്രത്തോളമായിട്ടും,വടക്കൻ റാഖിനിലേക്കുള്ള മാധ്യമ പ്രവർത്തകരുടെ പ്രവേശ്നവും സന്നദ്ധ സേവകരുടെ സഹായവും ഭരണകൂടം റദ്ദാകുകയാണുണ്ടായത്.റോഹിംഗ്യകളെ സഹായിക്കുന്ന സന്നദ്ധപ്രവർത്തകർ ഭീകരവാദികളാണെന്നാണ് മ്യാന്മാർ ഭരണകൂടം ഇതിന്ന് ന്യായീകരണം കണ്ടെത്തിയത്.

കഥ

# ഞെരുക്കം



ബാസിത്ത് മുണ്ടംപറമ്പ്

അയാൾ തിരിച്ചു നടക്കാൻ തുടങ്ങി, സ്മശാനമൂകമായ വഴിയോരങ്ങൾ, പൊട്ടിപ്പൊളിഞ്ഞ വീടിന്റെ ശിഷ്ടങ്ങൾ മാത്രം. എങ്ങും ദുർഗന്ധം വമിക്കുന്നു.

"ആ...ഹ് ആ..." ആ നിശബ്ദതയെ ഭേതിച്ച് ഒരു ശബ്ദം അവിടത്തിൽ മുഴങ്ങി. സമീപത്തെ തകർന്ന വീടിന്റെ ശേഷിക്കുന്ന ഭിത്തിക്കപ്പുറത്ത് നിന്നാണത്. അയാൾ വീടിനടുത്തേക്ക് ദൃതിപ്പെട്ടു നടന്നു. ചുറ്റും നോക്കി, ആരെയും കാണുന്നില്ല.

"ഹലോ... " അയാൾ ഉറക്കെ വിളിച്ചു. ആ ശബ്ദം വിജനതയിൽ കർണ്ണപുടം അന്വേഷിച്ച് നടന്നു. പിന്നെ എവിടെ നിന്നാണത് കേട്ടത്. അയാൾ അവശിഷ്ടങ്ങൾക്കിടയിൽ ജീവൽ തുടിപ്പ് അന്യേശിക്കാൻ തുടങ്ങി.

"ഹലോ... ആരെങ്കിലും" മിലിറ്ററിക്കാരനായ അയാളുടെ പരുക്കൻ ചോദ്യം ഒരിക്കൽ കൂടി ആവർത്തിച്ചു. ഉത്തരം പൂർണ്ണ മൗനം മാത്രം.

ആ നിശബ്ദതയെ ഭേദിച്ച് അകലെനിന്നും ഒരു ടാങ്കർ കടന്നുവരുന്നു. വളരെ അകെലെ നിന്നാണെങ്കിലും ചങ്ങലകൾ ഉയർത്തുന്ന അപ ശബ്ദങ്ങൾ വ്യക്തമായി കേൾക്കാം. തീർത്തും നാശനഷ്ടങ്ങൾക്ക് വിധേയമായ വഴിയരികിൽ ചിതറിക്കിടക്കുന്ന സർവ്വതും തവിടുപൊടിയാക്കി ഒരു രാക്ഷസൻ കണക്കെ സാവധാനത്തിൽ അതുമുന്നോട്ടു ചലിച്ചുകൊണ്ടേയിരുന്നു. എല്ലാം തകർന്നു തരിപ്പടമായ ആ പ്രദേശത്തിന് അപവാതം എന്നു പറയാൻ അവിടെവിടങ്ങളിൽ ശേഷിക്കുന്ന പാതിഭിത്തികൾ മാത്രമാണ്. അതുകൊണ്ട് വളരെ അകലെനിന്നും തന്നെ ടാങ്കർ ദൃഷ്ടിയിൽ ഇടം പിടിച്ചിരുന്നു. എന്തൊക്കെയോ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന് പെട്ടന്നാണ് സ്വബോദം വന്നത്. "എന്തുചെയ്യും... ഞാനൊരു പട്ടളക്കാരനാണ്. ശത്രു രാജ്യക്കാരൻ..." ഈ ദേശത്തെ നശിപ്പിക്കാൻവന്ന ഞാൻ ഒരു മനുഷ്യരോധനം കേട്ട് ഇവിടെ അന്വേഷിക്കുകയാണ്... അതും.... ഇതെങ്ങാനും അവരറിഞ്ഞാൽ. വേഗം എവിടെയെങ്കിലും അഭയം കണ്ടെത്തണം. അയാളുടെ മിഴികൾ ഒരു അഭയ സങ്കേതമന്വേശിച്ച് പരക്കെ പറഞ്ഞു. ക്യാപ്റ്റൻ ആദ്യമെ വാർണിങ് തന്നതാണ്. മനുഷ്യ സ്നേഹികളായി സ്വജീവൻ നശിപ്പിക്കാൻ ആരും മോഹിക്കരുത്. അയാൾ ഒന്നുകൂടെ ടാങ്കറിലൂടെ എത്തിനോക്കി. ഒന്നല്ല ഒരുപാടുണ്ട്. വേകം രക്ഷപ്പെടണം. പക്ഷെ എഴിടേക്ക്. വേറെ മാർഗ്ഗമില്ല. ഭിത്തിക്കപ്പുറം പതുങ്ങിയിരിക്കുക. അയാൾ മനസ്സിൽ ഉറപ്പിച്ചു.

ടാങ്കറിന്റെ ചങ്ങലകൾ വലിഞ്ഞ് മുറുകി ലൂസാകുന്ന ശബ്ദം അധികരിച്ചു വരികയാണ്. കൂടെ ഹൃദയ മിടിപ്പും, ഇനിയും ആ ഞെരുക്കം ആവർത്തിച്ചാൽ....ആ ശബ്ദമെങ്ങാനും കേട്ട് ടാങ്കറിലുള്ളവർ അവനെ തേടിയിറങ്ങിയാൽ പൊലിയുന്നത് എന്റെ ജീവനായിരിക്കും. "മനുഷ്യ ജീവൻ മഹത്വം നൽകുന്ന ഞാൻ അറിയാതെ ചെയ്ത പാപമാണിത്. ദൈവമേ........നീ രക്ഷിക്ക്...." അപ്പോഴേക്കും ഞരങ്ങി ഞരങ്ങി ഒന്നാമത്തെ ടാങ്കർ അയാൾ നിൽക്കുന്നിടം വിട്ടിരുന്നു. ഘോര ശബ്ദവുമായി അയാൾ നിൽക്കുന്നതിന് സമീപമെത്തി എന്ന് തോന്നുന്നു.

ഠേ.....ഠേ....പൊടുന്നനെ തോക്ക് തീ തുപ്പി. അയാളിൽ ഭയം കൂടിക്കൂടി വന്നു. ഒരു മൃഗത്തിന്റെ ശബ്ദമാണെന്ന് തോന്നുന്നു. അത് വല്ല മൃഗത്തെയും കൊന്നതാവും. എന്നെ കണ്ടിട്ടൊന്നും കാണില്ല. "ജീവനുള്ള ഒന്നും ശേഷിക്കരുത്. എല്ലാം നശിപ്പിക്കണം" അതാണ് മുകളിൽ നിന്നുള്ള ഉത്തരവ്.

അയാളുടെ ഹൃദയം എന്തോ കരസ്ഥമാക്കാൻ അത്യാഗ്രഹിക്കുന്നു. ഭിത്തിയുടെ ഒരു ഭാഗത്തേക്ക് വളരെ സൂക്ഷ്മതയോടെ ചലിച്ചു. അത് കണ്ടെത്തി, വളരെ ചെറിയ ഒരു ദ്വാരം. എങ്കിലും എല്ലാം വ്യക്തമായി കാണാം. പൊടുന്നനെ ടാങ്കർ ഓഫാവുന്നു. എല്ലാവരും ഇറങ്ങുകയാണ്. "ങേ....എന്താണ് ?ഞെരുക്കം ആവർത്തിച്ചിട്ടില്ലല്ലോ പിന്നെ എന്താണ്....ഞാൻ.......". കണ്ണ് സമ്മതമില്ലാതെ അകന്ന് സുരക്ഷിത സ്ഥാനം അന്വേഷിച്ചു.

നോ ! അവർ തിരിച്ചു കയറുന്നു. എന്തിനായരിക്കും അവർ പുറത്തിറങ്ങിയത്...

ഇടക്കിടെ വർഷിക്കുന്ന തീ മഴ മനുഷ്യനെ ജഢങ്ങളാക്കൽ പതിവാണ്. ശവങ്ങൾ അങ്ങനെ ദിവസങ്ങളോളം കിടക്കാറാണ് പതിവ്. പ്രശ്ന ബാധിത സമയത്ത് ഒന്നോ രണ്ടോ പേർ കൂടി നിന്നാൽ അവിടെ തീ മഴ വർഷിക്കൽ ഉറപ്പാണ്.

"ആ....." വീണ്ടും ആ ശബ്ദം. പാതിപൊളിഞ്ഞ ഭിത്തിക്ക് താഴെ നിന്നു തന്നെയാണ്. എങ്കിലും ഇത്ര അകലെ നിന്നാണെന്ന് പ്രതീക്ഷിച്ചില്ല. ജീവൻ തുടിപ്പുള്ള ഒരു ശരീരം അവിടെയുണ്ട്. അത് ഉറപ്പാണ്. അയാൾ മറഞ്ഞിരിക്കാനാണ് സാധ്യത. കാരണം, ഞാൻ...എന്റെ വേഷം...പിന്നെ എന്തിനാണ് അയാൾ ശബ്ദിക്കുന്നത്. അയാൾ മുന്നോട്ടു നീങ്ങി.
ഒരു അർധബാല്യ രൂപം. ബാക്കി അവശിഷ്ടങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. ഒരു കൈ മാത്രം...മരിച്ചിട്ടുണ്ടോ...ഉണ്ടാവില്ല. ഒന്നു തൊട്ടുനോക്കിയാലോ. അതിനായി അടുത്തു ചെന്നു. പക്ഷെ, ഒരു ഭയം, എന്തായാലും ഒന്ന് തൊട്ടു നോക്കാമെന്നായി കൈ നീട്ടി. പൊടുന്നനെ ഒരു മുരളൽ.

"ആ....ഹ്" അയാൾ കൈ പിന്നോട്ടാഞ്ഞു വലിച്ച് ഭയത്തോടെ അലറി. "ആരാണു നീ..." അതിനു മറുപടി നൽകും മുമ്പേ ബാലൻ അബോധാവസ്ഥയിലേക്ക് മടങ്ങിയിരുന്നു. എന്ത് ചെയ്യണമെന്നറിയാതെ അയാൾ ഇരുന്നിടത്ത് നിന്ന് ഉയർന്നു. ബാലനെ പുറത്തെടുക്കാനുള്ള പരിശ്രമത്തിലേക്ക് നീങ്ങി. വേദന കൊണ്ടോ ആശ്വാസം കൊണ്ടോ എന്നറിയില്ല. അതിനിടെ ഒരുപാട് തവണ അവന്റെ ബോധം തെളിഞ്ഞും മറഞ്ഞും കൊണ്ടേയിരുന്നു.
ഇവരും ജീവിക്കാനാഗ്രഹിക്കുന്നുണ്ടാവില്ലേ, അയാൾ ചിന്തയിൽ മുഴുകി. കലാലയത്തിന്റെ പടി കയറാനും സന്തോഷത്തോടെ ഒരു അന്തിയുറക്കമെങ്കിലും അവരും ആശിക്കുന്നുണ്ടാവില്ലേ. എന്ത് ത്യാഗം സഹിച്ചും ഇവനെ രക്ഷിക്കണം.

"ഡായ്... " നാലുപേർ ഒരേ സ്വരത്തിൽ.

"ഞാൻ... ഞാ..."
"ഞാൻ... അങ്ങനെ ചെയ്യ..." ജവാന്റെ തൊണ്ടയിടറി. "എവിടെനിന്നും ധൈര്യം വന്നെടാ..." കൂട്ടത്തിൽ നേതാവെന്ന് തോന്നിക്കുന്ന തടിച്ചുരുണ്ട വ്യക്തി അട്ടഹസിച്ചു.


"പറയെടാ..." തൊട്ടടുത്ത് നിൽക്കുന്ന തടിയവൻ ചേർന്ന് ആരാഞ്ഞു. എന്തുപറയണം എന്നറിയാതെ ജവാൻ പരുങ്ങി. "ഞാൻ അറിയാതെ... ഓർമ്മ..." പൂർണ്ണമാകാത്ത് ഒരുപാട് വാക്കുകൾ...

"പിടിക്കെടാ അവനെ... " മുതിർന്നയാളാണ് "നിന്റെ മനുഷ്യ സ്നേഹം ഞാൻ കാണിച്ചുതരാമെടാ..." എന്നും പറഞ്ഞ് ഒരു വലിയ കല്ലെടുത്ത് അവന്റെ ശരീരത്തിലേക്കിട്ടു.

"സാർ... അങ്ങനെ ചെയ്യരുത് സാർ... അവരും മനുഷ്യരല്ലേ... " ആ വാക്കുകൾക്ക് അവിടെ പ്രസക്തിയുണ്ടായിരുന്നില്ല. ബാലൻ മെല്ലെ മെല്ലെ മരണത്തിനു കീഴടങ്ങി.

"സാർ... ജഢത്തെയെങ്കിലും വെറുതെവിടൂ..., ആർക്കുവേണ്ടയാണിതെല്ലാം..., ആരോ പറഞ്ഞുണ്ടാക്കിയ വൈരാക്യം തീർക്കാനോ... " ആ ചോദ്യം ഉത്തരമില്ലാതെ പ്രതിദ്ധ്വനിച്ചുകൊണ്ടേയിരുന്നു. അപ്പോഴും വളഞ്ഞു നിൽക്കുന്ന സ്രീറ്റ് ലൈറ്റുകൾ ഇടക്കിടെ മിന്നിക്കത്തി അനുശോചനം അറിയിച്ചുകൊണ്ടയിരുന്നു.

കാലികം




ആമിർ അബ്ബാസി കെ

# ഭരണഘടന,മതസാതന്ത്ര്യം; ഇന്ത്യൻ മത ന്യൂനപക്ഷങ്ങളുടെ ഭാവി

മനുഷ്യൻ സ്വപ്നം കാണാൻ ആരംഭിച്ച അതിപ്രാചീന കാലം മുതൽ മനുഷ്യരുടെ എല്ലാ സ്വപ്നങ്ങളും പൂവണിഞ്ഞിരുന്ന ഒരിടം ഈ ഭൂമുഖത്തുണ്ടെങ്കിൽ അത് ഇന്ത്യയാണ്. (റോമയിൻ റോളണ്ട്.)

ഹിമഗിരികളും ഹരിത വനങ്ങളും നിറഞ്ഞുനിൽക്കുന്ന, ഇരുപതോളം പ്രധാന ഭാഷകളും വ്യത്യസ്ഥങ്ങളായ ഇരുപത്തീരായിരം ഭാഷാഭേദങ്ങളും സംസാരിക്കുന്ന, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ ഉത്തരാധുനിക മനുഷ്യരാശിക്ക് പരിചിതമായ എല്ലാവിധ മതവിഭാഗങ്ങളിലുംപെട്ട നൂറ്റിയിരുപത്തിമൂന്ന് കോടിയിലധികം ജനങ്ങൾ അധിവസിക്കുന്ന ഒരു ഭൂഖണ്ഡമാണ് ഇന്ത്യ. സത്യമേ വജയതേ എന്ന് ദേശീയ മുദ്രയിൽ എഴുതിവെച്ച് എന്നും സത്യത്തിനും നീതിക്കും സമാധാനത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു രാഷ്ട്രം. ഇന്ത്യയെന്നത് ഒരു സങ്കൽപ്പമാണ്. 1947- ന് ആഗസ്റ്റ് 15 ന് ബ്രിട്ടണിൽ നിന്ന് സ്വതന്ത്രമായി, പാരതന്ത്ര്യം ഭേദിക്കുന്നതിനും എത്രയോ വർഷങ്ങൾക്കു മുമ്പേ ഉരുവം കൊണ്ട ഒരു സങ്കൽപ്പം.

പക്ഷെ ഇന്ന് ഇന്ത്യ എന്ന സങ്കൽപ്പത്തിന് അനുദിനം തിരിച്ചടി ഏറ്റുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷ് അധിനിവേശ കാലഘട്ടതിനു ശേഷം രാജ്യം സ്വീകരിച്ച അതിവിശിഷ്ടമായ തത്വങ്ങളുടേയും ഭരണ സംഹിതകളുടെയും പ്രതിഫലനമായി നാം ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ എത്രത്തോളം പ്രായോഗിക വൽക്കരിക്കപ്പെട്ടു എന്ന ചോദ്യം ചിന്തനീയ്യമാണ്. അതിബൃഹത്തായ ഒരു ഭരണ ഘടന ഉണ്ടെങ്കിലും ഇരുപത്തി ഒമ്പത് സംസ്ഥാനങ്ങളിലായി നിലകൊള്ളുന്ന 85 ലധികം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എത്രത്തോളം അതിനോട് കൂറ് പുലർത്തുന്നുണ്ട് എന്നത് ഇന്ത്യൻ സാമൂഹിക നീതിയുടെ തെരുവോരങ്ങളിൽ അരികുവൽക്കരിക്കപ്പെട്ടവരുടെ ചിത്രങ്ങൾ നമുക്ക് ബോധ്യമാക്കി തരുന്നുണ്ട്. ഏതു മതത്തിലും വിശ്വസിക്കാനും, മതാചാരാനുഷ്ഠാനത്തിനും, പ്രചരണത്തിനുമുള്ള അവകാശം വകവെച്ചുനൽകുന്ന ഭരണഘടനയുണ്ടായിട്ടും ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ദുരന്തചിത്രങ്ങൾ ഇന്ത്യൻ സങ്കൽപത്തിനു മുകളിൽ ഭീതിയുടെ കാർമേഘമായി നിറഞ്ഞ് നിൽക്കുകയാണ്.രണ്ട് നൂറ്റാണ്ടോളം ഈ ഉപഭൂഖണ്ഡം നിറഞ്ഞു നിന്ന വിദേശ ആധിപത്യത്തിന്റെ പരിസമാപ്തിക്കൊടുവിൽ പിറവികൊണ്ട ഇന്ത്യൻ ഭരണഘടനയുടെ ലക്ഷ്യങ്ങളെയും,ന്യൂനപക്ഷമത വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളെയും നാം തിരിച്ചറിയേണ്ടതുണ്ട്.

**ഭരണ ഘടനയും മത-സ്വാതന്ത്ര്യവും**

ചരിത്രാരംഭ കാലംമുതൽ മതങ്ങളുടെ സംഗമഭൂമിയാണ് ഇന്ത്യ. ലോകത്തിലെ ഏല്ലാ മതങ്ങളുടെയും അനുയായികൾ ഇവിടെയുണ്ട്. തന്മൂലം ഇന്ത്യയുടെ സ്ഥിതി മറ്റു രാജ്യങ്ങളിൽ നിന്നും വ്യതിരക്തമാണ്. മാത്രമല്ല വളരെയധികം മതാത്മകമാണ് ഗ്രാമ ജീവിതാധിഷ്ഠിതവും കാർഷിക പ്രധാനവുമായ ഇന്ത്യയുടെ പരമ്പരാഗത സാമൂഹിക ഘടനയും സാമ്പത്തിക ജീവിതവും.ഈ സാഹചര്യത്തിലാണ് ഇന്ത്യയു

ടെ മതപരമായ വൈവിധ്യത്തേയും തജ്ജന്യമായ ശക്തി ദൗർബല്യങ്ങളെയും നോക്കികാണേണ്ടതും ദേശീയ ഐക്യത്തെ സമീപിക്കേണ്ടതും എന്ന് മനസ്സിലാക്കിയ രാഷ്ട്ര ശിൽപ്പികൾ ഭരണഘടനയുടെ നിർമ്മിതിയിൽ മതേതരത്ത്വത്തെ കൂട്ടുപിടിക്കുകയും ഏതു വ്യക്തിക്കും സ്വതാൽപര്യത്തിനുസൃതമായി ആദർശാനുഷ്ഠാനങ്ങളെ പിന്തുടരാനുള്ള അവകാശം നൽകുകയും ചെയ്തു.മതങ്ങൾക്ക് കൃത്യമായി അവകാശങ്ങൾ വകവെച്ചു നൽകുന്ന ഒരു ഭരണഘടനയെന്നത് ഒരുഅഗ്നി പരീക്ഷയായിരുന്നു.ഇന്ത്യൻ നേതൃത്വം ഈ ശ്രമകരമായ ദൗത്യത്തെ അതിജയിച്ചു എന്നു മാത്രമല്ല രാജ്യത്തിന്റെ സങ്കര സംസ്കാരത്തിനനുയോജ്യമായ ഒരു മതേതര ഭരണഘടന ചുരങ്ങിയ കാലം കൊണ്ട് നിർമിച്ചെടുത്തു.

ഇന്ത്യയുടെ ദീർഘവും സംഭവബഹുലവുമായ ഇന്ത്യൻ ചരിത്രത്തിൽ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു ഇന്ത്യൻ ഭരണഘടന.

ഒരു പുതിയ റിപ്പബ്ളിക്കിന്റെ ജനനം വിളംഭരം ചെയ്തു കൊണ്ട് ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്ന ആദിനം നൂറ്റാണ്ടുകളുടെ വിധി വൈപരീതങ്ങൾക്കു ശേഷമുള്ള ഒരു പുരാതന ഭൂമിയുടെ പുനർജന്മത്തിന് സാക്ഷിയാവുകയായിരുന്നു47-ലെ സാതന്ത്ര്യത്തിനു ശേഷം നാം മോചിതരായെങ്കിലും ഇന്ത്യ എന്ന സങ്കൽപത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പായി മാറുകയി യരുന്നു ഇന്ത്യൻ ഭരണഘടനയുടെ നിർമിതി. ഇന്ത്യയിലെ ജനങ്ങളായ നാം ഇന്ത്യയെ ഒരു പരമാധികാര റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും; ചിന്തക്കും അഭിപ്രായപ്രകടനത്തിനും വിശ്വാസത്തിനും മത നിഷ്ഠക്കും ആരാധനക്കും ഉള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലുമുള്ള സമത്വവും, സംപ്രാപ്തമാക്കുവാനും അവരുടെയെല്ലാവരുടെയുമിടയിൽ, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണഘടനാനിർമാണ സഭയിൽ ഈ 1949 നവംബർ 26- തിയ്യതി ഈ ഭരണഘടനയെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും നമുക്ക തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഇതായിരുന്നു ഇന്ത്യൻ ഭരണഘടനയുടെ ആമുഖം. ഇന്ത്യൻ ഭരണഘണനയുടെ മൂല്യം അളക്കാനും മതങ്ങൾക്കും മതാചാരങ്ങൾക്കും രാജ്യം നൽകുന്ന പരിരക്ഷണവും സ്വാതന്ത്ര്യവും എത്രയെന്ന് ഗ്രഹിക്കാനും ഈ ആമുഖം ധാരാളമാണ്. സ്വാതന്ത്ര്യാനന്തരം മതങ്ങളുടെ സംഗമ ഭൂമിയായ ഭാരതത്തെ രണ്ടായി മുറിച്ച് പാക്കിസ്ഥാൻ രൂപപ്പെട്ടിരുന്നെങ്കിലും ഇന്ത്യയുടെ നാനാഭാഗങ്ങളിലും നാലുകോടിയിലധികവും മുസ്ലിംകൾ പാർക്കുന്നുണ്ടായിരുന്നു. അവരെ കൂടാതെ ഒരു കോടി ക്രിസ്ത്യാനികളും 50 ലക്ഷം സിക്കികാരും ഗണ്യമായ തോതിൽ പാഴ്സികളും ജൈനരും ബുദ്ധമതക്കാരും യഹൂദരും ഇന്ത്യയിൽ അധിവസിക്കുന്നുണ്ടായിരുന്നു. ഹിന്ദുമത അവലംബികൾക്കായിരുന്നു ഭൂരിപക്ഷമുണ്ടായിരുന്നത്.




ആകെ ജനസംഖ്യയുടെ 83% ഹിന്ദുക്കളായിരുന്നു സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉണ്ടായിരുന്നത്. അതിനാൽ തന്നെ ജനാധിപത്യ രീതിയിലുള്ള ഏതു നിയമവും പദ്ധതിയും ഭൂരിപക്ഷ വിഭാഗത്തിന് എളുപ്പം പാസാക്കിയെടുക്കാൻ സാധിക്കും. ഇതിലൂടെ ഇന്ത്യയിലെ മതന്യൂന പക്ഷങ്ങളെയും അവരുടെ വിശ്വാസങ്ങളെയും അടിച്ചമർത്താൻ ഇന്ത്യയിലെ മൃഗീയ ഭൂരിപക്ഷത്തിന് സാധിക്കുമായിരുന്നു. ഈ സന്നിഗ്ദാവസ്ഥയെ അതിജയിക്കാനുള്ള ഒരു ഉപായമായിരുന്നു ഉറപ്പുനൽകപ്പെടുന്ന മൗലികാവകാശങ്ങൾ. രാഷ്ട്രം ഏതെങ്കിലും പ്രത്യേക മതവുമായി താദാത്മ്യം പ്രാപിച്ചുകൂടെന്നും എല്ലാ മതങ്ങൾക്കും തുല്യ പരിഗടന നൽകുന്ന മതേതര ജനാധിപത്യമായിരിക്കണമെന്നുമുള്ള ലക്ഷ്യത്തിന്റെ ഭാഗമായാണ് ഇന്ത്യൻ മതേതരത്വ ദർശനങ്ങൾ പിറവികൊള്ളുന്നത്. ഇന്ത്യ

എന്ന മതേതര രാഷ്ട്രം നിരീശ്വരമോ മതരഹിതമോ മതവിരുദ്ധമോ അല്ല. മറിച്ച് എല്ലാ മതങ്ങളെയും ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രമാണ്.

രാഷ്ട്രം ഏതെങ്കിലും ഒരു മതവുമായി ഇണങ്ങിച്ചേരുകയോ ഏതെങ്കിലും മതത്തിന്റെ നിയന്ത്രണത്തിന് വിധേയമാവുകയോ ചെയ്യില്ല, ഒരാൾ അവലംബിക്കാനാഗ്രഹിക്കുന്ന ഏതുമതവും സ്വീകരിക്കാനുള്ള അവകാശം രാഷ്ട്രം ഉറപ്പുനൽകുന്നതോടൊപ്പം അവയിൽ ഒന്നിനോടും മുൻഗണനവെച്ചുള്ള പെരുമാറ്റം അനുവധിക്കുന്നില്ല, ഒരാളുടെ മതമോ വിശ്വാസമോ മൂലം അയാൾക്കെതിരായി രാഷ്ട്രം ഒരു പക്ഷാതാപവും കാണിക്കുകയില്ല, ഇവയാണ് ഇന്ത്യ വിഭാവനം ചെയ്യുന്ന മതേതര രാഷ്ട്രത്തിന്റെ സവിശേഷതകൾ. എല്ലാറ്റിലുമുപരി പ്രചരിപ്പിക്കുക എന്ന വാക്ക് മതസ്വാതന്ത്ര്യത്തെ പറ്റി പ്രതിപാദിക്കുന്ന ഒരേയൊരു ഭരണഘടന ഇന്ത്യയുടേത് മാത്രമാണ്.ഇത്രമേൽ മത സ്വാതന്ത്ര്യം അനുവതിക്കുകയും അതിന് അവസരം എന്നതിലുപരി അത് പൗരാവകാശമാണ് എന്ന് മൗലികാവകാശങ്ങളിലൂടെ ഉറപ്പ് നൽകുന്ന ഇന്ത്യൻ ഭരണഘടന നിലനിൽക്കുന്ന കാലത്തോളം ഒരു പൗരനും മതസ്വാതന്ത്ര്യം തടയപ്പെട്ടുകൂടാ എന്നത് രാഷ്ട്ര സങ്കൽപ്പത്തിന്റെ ഭാഗമാണ്. എന്നാൽ ഭരണഘടനയെപ്പോലും അവഹേളിക്കുന്ന തരത്തിൽ ഇന്ന് മത ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്ത്യൻ മത ന്യൂനപക്ഷങ്ങളുടെ ഭാവി.

1947 ആഗസ്റ്റ് 14 ന് അർദ്ധരാത്രി ചെങ്കോട്ടയിൽ സ്വതന്ത്ര ഭാരതത്തിന്റെ പതാക ഉയർന്നപ്പോൾ അത് വീക്ഷിച്ചിരുന്ന അനേക ലക്ഷം ജനങ്ങളുടെ കണ്ഠങ്ങളിൽ നിന്നുയർന്ന ശബ്ദം ഭാരതത്തിലെ കോടാനുകോടി ജനങ്ങളുടെ പ്രതീക്ഷയുടെ പ്രതീകമായിരുന്നു. മതമുള്ളവനും ഇല്ലാത്തവനുമുണ്ടായിരുന്നു. ഇന്ത്യയുടെ പൈതൃകവും പാരമ്പര്യം നിദാനമായി ലോകത്തുള്ള എല്ലാ മതത്തിലേയും അനുയായികൾ ഇവിടെ ജീവിച്ചിരുന്നു. സ്വാതന്ത്ര്യാനന്തര ഭരണകൂടം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി എല്ലാവരിലും സാമൂഹിക നീതി എത്തിക്കലായിരുന്നു. 80.5% ഹൈന്ദവർ, 13.5% മുസ്ലിംകൾ, 2.3% ക്രിസ്ത്യാനികൾ, 1.9% സിക്കുകാർ 0.8% ബുദ്ധ മതക്കാർ, 0.4% ജൈനമതക്കാർ, 0.6% മറ്റുമതക്കാർ ഇതാണ് ഇന്ത്യൻ കനേഷുമാരിയിലെ മതാടിസ്ഥാനത്തിലുള്ള കണക്ക് . ബഹുഭൂരിപക്ഷം എന്ന ഖ്യാതിയുള്ള ഹൈന്ദവരിൽ ഭൂരിഭാഗവും കീഴാള വിഭാഗമായിരുന്നു. ഹിന്ദുക്കളുടെ ഇടയിൽ നിലനിൽക്കുന്ന ജാതി വ്യവസ്ഥയുടെ കാരണത്താൽ ഇവിടെ ഒരു പിന്നോക്ക ദളിത് വിഭാഗം വളർന്നു വന്നു. മാത്രമല്ല മുസ്ലിമും ബുദ്ധനും ജൈനനുമെല്ലാം ഈ നാടിന്റെ മക്കളായതിനാൽ തന്നെ അവർക്കിടയിലേക്കെല്ലാം രാജ്യപുരോഗതിയുടെ പ്രതിഫലനങ്ങളെ സ്ഫുരിപ്പിക്കാൻ ഭരണകടന നിർമ്മാതാക്കൾ പലവിധ പദ്ധതികൾക്ക് ആസൂത്രണം നൽകിയിട്ടുണ്ട്. പക്ഷെ ഭൂരിപക്ഷ വർഗീയതയുടെയും അരികവൽക്കരണത്തിന്റെയും ഫലമായി ഇന്നും ഇന്ത്യൻ മതന്യൂന പക്ഷങ്ങൾ ഉൾക്ക ണ്ഠാ ജനകമായ ഒരു ഭാവിയെ കുറിച്ച് ആശങ്കപ്പെടുന്നു.

നിരന്തരമായ അവഗണയും വർഗീയ വേർതിരിവുകളും ന്യൂന പക്ഷങ്ങളുടെ ഭാവി അനിശ്ചിത്തിലാക്കികൊണ്ടരിക്കുകയാണ്. നവ ഇന്ത്യൻ ഫാസിസ്റ്റ് ഭരണകൂടം അനുദിനം കൊണ്ടുവരുന്ന നയങ്ങളും നിയമങ്ങലും ഭീതിയോടെയാണ് ് മതന്യൂനപക്ഷങ്ങൾ കാണുന്നത്. വർഗ്ഗീയ കലാപങ്ങളും ആഭ്യന്തര കലഹങ്ങളുമാണ് മതന്യൂനപക്ഷങ്ങളുടെ നിഷ്കാസനത്തിനായി നിരനതരം ഉപയോഗിക്കപ്പെടുന്ന ആയുധം. 1947 - നു ശേഷം ഇന്ത്യയിൽ നടന്ന നിരവധി കാലാപങ്ങൾ ഇതിന്ന് തെളിവാണ്. രണ്ടായിരത്തി രണ്ടിലെ ഗുജറാത്ത് കലാപം, സിക്ക് വിരുദ്ധ കലാപം, ഒറീസ്സയിലും ഗുജറാത്തിലും അരങ്ങേറിയ ക്രിസ്ത്യൻ വിരുദ്ധ കലാപം, മുസഫർ നഗർ കലാപം തുടങ്ങിയ അസഖ്യം കലാപങ്ങളിലും വ്യാജ ഏറ്റു മുട്ടലിലും എന്നും ഇര മതന്യൂനപക്ഷങ്ങളായിരുന്നു.

ഭൂരിപക്ഷ വർഗീയത വേരുറച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലൂടെയാണ് ഇന്ന് ഇന്ത്യ കടന്നുപോയികൊണ്ടിരിക്കുന്നത്. പൂർണ്ണ ജനായത്ത സംമ്പ്രദായത്തിൽ നിന്നു മാറി വ്യക്തി കേന്ദ്രീകൃത പ്രസിഡൻഷ്യൽ ശൈലിയിലേക്ക് ഇന്ത്യൻ ഭരണ സംവിധാനങ്ങലെ മാറ്റിപ്പണിയാനും വൈവിധ്യങ്ങളെ ഇല്ലാതാക്കാനുമാണ് മോദി സർക്കാർ ശ്രമിച്ച് കൊണ്ടിരിക്കുന്നത്. അമിത ദേശീയത എന്ന ദേശ വിരുദ്ധതയെ ഉണർത്തിയും ഉയർത്തിയും ജനങ്ങൾക്കിടയിൽ വർഗീയ വിഷം വിതറി ഇന്ത്യയിലെ മതന്യൂന പക്ഷങ്ങളെയും ദലിദുകളെയും പരസ്യമായി ആക്രമിക്കുന്നതിനിടയിൽ മഹാത്മാഗാന്ധിയേയും മഹത് സന്ദേശങ്ങളെയും ത്രണവൽക്കരിച്ച് ഗോഡ്സേയെ മഹാനാക്കുകയാണ് ഫാസിസം. ഇന്ത്യ ഹിന്ദുക്കളുടെതണെന്നും മറ്റുള്ളവർ നാടുവിടമെന്നും പ്രഖ്യാപിക്കുന്നവർ ഹിന്ദുത്വം എന്തെന്ന് പോലും തിരിച്ചറിയുന്നില്ല. മാത്രമല്ല നവ ഫാസിസ്റ്റ് ഭരണകൂടം അപകടങ്ങൾക്ക് വഴിയൊരുക്കുന്ന നിസ്സംഗ മൗനവും പക്ഷപാതവും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മോദി സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം നടന്നുകൊണ്ടിരിക്കുന്ന ചരിത്രത്തേയും സാമകാലികതേയും കാവി പുതപ്പിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ തകർന്നടിയുന്നത് ന്യൂനപക്ഷങ്ങൾ ഉൾക്കൊള്ളുന്ന വൈവിധ്യങ്ങളാണ്. ഗർ വാപ്പസി, ഗോവധ നിരോധനം, മുത്വലാഖ് വിവാദം തുടങ്ങി ന്യൂനപക്ഷങ്ങളെ ഉന്നം വച്ചുള്ള അപകടകരമായ മുന്നേറ്റങ്ങളെ തിരിച്ചറിഞ്ഞ് ചെറുത്തില്ലെങ്കിൽ നാനാഗത്തിൽ ഏകത്വം എന്ന ഇന്ത്യൻ സംസ്കാരത്തിന്റെ മഹിത മൂല്യം ചോർന്നുപോകും. വർഗ്ഗത്തിന്റെ പേരിലും വിശുദ്ധ ഭൂമിയുടെ പേരിലും ഇന്ന് കലാപം സൃഷ്ടിച്ച് മതന്യൂനപക്ഷങ്ങളെ സംഹരിക്കാൻ ശ്രമിക്കുന്നവർ മനസ്സിലാക്കേണ്ടത് ഇവിടെയുള്ള ഏതു ഭൂരിപക്ഷങ്ങളും ന്യൂനപക്ഷങ്ങളുടെ സമാഹാരമാണ്. ഇന്ത്യയിലുണ്ടായിരുന്ന ദ്രവീഡിയർ മതം മാറിയാണ് മുസ്ലിമും ക്രിസ്ത്യാനിയുമെല്ലാമുണ്ടായത്. അല്ലാതെ അവരുടെ വേരുകൾ അറേബ്യയിലോ ജറുസെലേമിലോ അല്ല. വിശ്വാസത്തിൽ വ്യത്യസമുണ്ടെങ്കിലും എല്ലാവരുടെയും അടിസ്ഥാനം ഈ മണ്ണ് തന്നെയാണ്.



ഇന്ത്യൻ മത ന്യൂനപക്ഷങ്ങളുടെ ഭാവിയെ ഏറെ ഉത്കണ്ഠപ്പെടുത്തുന്നത് ഏക സിവിൽകോഡ് വാദം തന്നെയാണ്.ഇന്ത്യൻ ഭരണഘടനയുടെ മാർഗനിർദ്ദേശകതത്വങ്ങളിൽ 44-ാം വകുപ്പിൽ പറയുന്ന രാജ്യത്ത് ഒരു ഏക സിവിൽകോഡിനായ് പരിശ്രമിക്കണം എന്ന നിർദ്ദേശത്തെ ഉയർത്തിക്കാട്ടിയാണ് ഫാസിസ്റ്റ ഭരണകൂടം ഇന്ത്യൻ മത ന്യൂനപക്ഷങ്ങളെ അക്രമിക്കാൻ ഒരുങ്ങുന്നത്. ഭരണഗടന നിലവിൽ വന്ന് പത്ത് വർഷത്തിനകം എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എത്തിക്കണമെന്ന നാൽപ്പത്തിയാറാം നനിർദ്ദേശക തത്വമടക്കം നിരവധി ആവശ്യ കതകളെ അവഗണിച്ചുകൊണ്ടാണ് ഭരണകൂടം ഏക സിവിൽ കോഡിനായി മുറവിളി കൂട്ടുന്നത്.

ഭരണഘടനയുടെ 36മുതൽ 51 വരെയുള്ള പതിനാറ് വകുപ്പുകൾ അടങ്ങിയതാണ് നിർദ്ശകതത്വങ്ങൾ. അവസര സമത്വവും മതസ്വാതന്ത്രവും ഉറപ്പുനൽകുന്ന ഭരണഘടന അനുഛേദം 14, 15, 21, 26, 29, 30 എന്നീ ഭരണഘടനാതത്വങ്ങളെ പൊളിച്ചെഴുതി ഒരു നിർദേശക തത്വം മാത്രം നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ പിന്നിലുള്ളത് പത്തിവിടർത്തിയാടുന്ന ഫാസിസമാണ്. മാത്രമല്ല നാഗലന്റ്, മിസോറാം തുടങ്ങിയ ഇടങ്ങളിലെ ഗോത്ര വർഗങ്ങളിലും കശ്മീരിലും ഒരു തരത്തിലുള്ള അനിയന്ത്രിത ഇടപെടലും ഭരണഘടന അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഏകസിവിൽകോഡ് നടപ്പാക്കൽ ഭരണകഘടനയെ തകർക്കലാണ് എന്നിരിക്കെ ഇന്ത്യൻ മത ന്യൂന പക്ഷങ്ങൾക്കെതിരെ അവരുടെ അവകാശങ്ങൾ ഹനിക്കുന്ന രീതിയിലുള്ള ഭരണകൂടത്തിന്റെ നീക്കം ഭീതിയോടെ യാണ് രാജ്യം നോക്കിക്കാണുന്നത്.

ഇന്ത്യൻ മതേതരകക്ഷികളും ന്യൂനപക്ഷ വിഭാഗങ്ങളും ദലിതുകളും ഒരുമിച്ച് നിന്ന് വർഗീയതക്കെതിരെ പ്രതിരോധം തീർക്കേണ്ട സാഹചര്യമാണ് വന്നുകൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള നിരന്തരമായ കടന്നു കയറ്റം അവസാനിപ്പിക്കാൻ രൂപം കൊണ്ട മുസ്ലിം ദലിത് മുന്നേറ്റങ്ങൾക്ക് സമാനമായ പ്രക്ഷോപങ്ങളും ബോധവൽക്കരണവും നടത്തി പാസിസത്തെ ചെറുക്കുകയാണ് ബാസുരമായ ഭാവി ആശിക്കുന്നവർക്കുള്ള ഏക പോംവഴി. ഇന്ത്യൻ രാഷ്ട്രീയത്തിലെ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അക്രമങ്ങളുടെ ലാന്റ് മാർക്കായി അറിയപ്പെടുന്ന ബാബരി ധ്വംസനവും ശേഷം നടന്ന വിവിധ വിഭാഗങ്ങൾക്കെതിരെയുള്ള നിരവധി കലാപങ്ങളും വ്യാജഏറ്റുമുട്ടലുകളും ഫാസിസ്റ്റ് നയങ്ങളും ഇന്ത്യൻ ജനതയിൽ വിശിഷ്യാ മതന്യൂനപക്ഷങ്ങളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. രാഷ്ട്രീയ കക്ഷികൾ പരസ്പരം തമ്മിൽ തല്ലി വർഗീയതക്ക് വിളനിലം ഒരുക്കുമ്പോഴും ഇന്ത്യയിൽ ഉയർന്നു വരുന്ന വിദ്യാർത്ഥി മുന്നേറ്റങ്ങൾ സാഹിത്യ-സാംസ്കാരിക നേതൃത്വത്തിന്റെ ക്രിയാത്മകമായ പ്രതിഷേധങ്ങളും മതന്യൂനപക്ഷങ്ങളുടെ ഭാവിയെ ഭാസുരമാക്കാനുള്ള ഏക പോംവഴി.



# കാവി ബാധിച്ച കണ്ണുകൾ പിൻവലിച്ചേക്കുക

അതെ പർദ്ദയൊരു വിശുദ്ദ നഗരിയാണ്
കൊക്കു മിനുക്കുന്ന കഴുകക്കണ്ണുകൾക്ക്
വിലക്കേർപ്പെടുത്തിയ രാജ്യം
വഴിയരികിൽ വിളമ്പിത്തിന്നുന്നവരോടും
കയറു പൊട്ടിയ ലീലകളോടും
പൊരുതി നിൽക്കുന്ന ദേശം
നെറിയും മുറയും കാത്ത്
മതാഭിമാനങ്ങൾക്ക് മൂല്യമേറിയ മണ്ണ്
വട്ടം നിന്ന് വലിച്ച് കീറുമ്പോഴും
അവൾ ചവിട്ടി നിന്ന ഒരു തരിമണ്ണ്
നടുവെ ഓടി നാറി പുകയാത്ത നാട്..



അലി സഫ്‌വാൻ കെല്ലൂർ

7025438613 campulsesameeksha@gmail.com

# ക്യാം Pulse @സമീക്ഷ

## ഗൃഹാതുരത്വം

ഉടഞ്ഞുപോവാത്ത
ഓർമ്മകളിൽ
കമഴ്ത്തി വെച്ച
മൺചിരട്ടകൾ

Mujeeb Kankol
(Daraussalam Da'wa Nandi)

## നിഴൽ

മിണ്ടിപറഞ്ഞില്ലെങ്കിലും
കൂട്ടുവരാമെന്ന...

Swabir
(CDIC Kappad)

## സോഷ്യൽ മീഡിയ

റോഡരികിൽ ചതഞ്ഞരഞ്ഞജീവൻ...
ആശുപത്രിയിലെത്തിയില്ല ഫേസ്ബുക്കിലെത്തി.

Khaja Hussain
(University of calicut)

## ഭയം

അച്ഛൻ കതകിൽ മുട്ടുന്നു, അവൾ
കട്ടിലിനടിയിലേക്ക് പതുങ്ങി.

Fayiz omr
(Jmaia Darussalam)

# മൊരവൻ

അഛനാരാണെന്ന് ചോദിക്കാൻ അമ്മയില്ലാതിരുന്നത് കൊണ്ട് അനാഥാലയത്തിന്റെ അകത്തും പുറത്തും അയാൾ ആരാരുമില്ലാത്ത മൊരവൻ മാത്രമായിരുന്നു. ജീവിതത്തിലിന്നേവരെ അങ്ങനെയൊരു രക്തബന്ധത്തെ കുറിച്ച് അയാൾ ചിന്തിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. പള്ളി മതിൽ ചാടികടന്ന് അയാൾ ഈ തെരുവിൽ അഭയം തേടിയിട്ട് വർഷമെത്രയായെന്ന് ആർക്കും ഒരു നിശ്ചയവുമില്ല. എല്ലാവർക്കും അറിയാം മൊരവനെന്ന തെരുവിന്റെ മകനെ. ഒരു അവദൂതനായി അയാൾ ഈ തെരുവിൽ വിഹരിച്ചു. കൊടുത്തതൊക്കെ ഉണ്ടും കിട്ടിയതൊക്കെ ഉടുത്തും തെരുവിൽ ആകാശം കുടയാക്കി അയാൾ കിടന്നുറങ്ങി. പലർക്കും അടിമയും ആട്ടിതുപ്പാനുള്ള അലവലാതിയുമായിരുന്നു മൊരവൻ. പ്രതിയെകിട്ടാത്ത കേസുകളിൽ കള്ളനായും ചിലപ്പോഴൊക്കെ കൊലപാതകിവരെയായി ജീവിത നാടകത്തിൽ മൊരവൻ അഭിനയിക്കാത്ത വേഷങ്ങൾ വിരളമായിരുന്നു. 'എങ്കിലും അയാൾമനുഷ്യപറ്റുള്ളവനായിരുന്നു'മൊരവനെ പഞ്ചായത്ത് ശ്മശാനത്തിൽ കുഴിച്ചിട്ടതിനു ശേഷം ചിലർ അടക്കം പറഞ്ഞു.തനിക്കു കിട്ടിയതിൽ പാതി തെരുവിലെ പട്ടിക്കും പൂച്ചക്കും അയാൾ വീതം വെക്കാറുണ്ടായിരുന്നു.ഇതായിരിക്കും അയാൾ ഉദ്ദേശിച്ചിട്ടുണ്ടാവുക.എന്തൊക്കയായാലും ജീവൻ പോയതിനു ശേഷവും ഒന്നര ദിവസം ഒരുത്തനും തിരിഞ്ഞു നോക്കാതെ മൊരവൻ ഓടയിൽകിടന്നുറങ്ങി .മൊരവന്റെ മനുഷ്യപ്പറ്റുപോലും ഒരു മൃഗങ്ങൾക്കുമില്ലാതെ പോയി.ഓട വൃത്തിയാക്കിയതിനും പീടികത്തിണ്ണ അടിച്ചുവാരിയതിനും ഞങ്ങൾ എറിഞ്ഞു കൊടുത്ത നാണയത്തുട്ടുകൾ റോഡിൽ ചിതറിക്കിടന്നിരുന്നു.ജീവനുണ്ടെങ്കിൽ അവ അനാഥാലയത്തിലേക്ക് ഓടിപ്പോയേനെ...

Badsha Pedena
(Darussalam Acadamy Katalur)

## കനൽ

കെട്ടു കറുത്തുപോകുമെന്നറിഞ്ഞിട്ടും
ഒട്ടും കുറച്ചിരുന്നില്ല പ്രതാപം

Faisal Kottapuram
(DIU)

# നോവുകളുടെ നിലവിളികൾ...

Ambulence bomb attack Kabool 27-01-18



സൈബർ സമീക്ഷ

Alisafvan · Home

Alisafvan Kellur

News Feed

Messenger

Shortcuts

Twalaba Wing Koz... 20+

എഴുത്ത് 15

Thullikal at NIRAM 4

അല്ലാഹുവിന്റെ ... 3

See more...

Explore

Events 2

Groups 20+

Pages

Friend lists

Crisis response 3

See more...

Create

Ad · Page · Group · Event

Compose Post | Photo/Video Album | Live Video

Write something here...
എന്തെങ്കിലും എഴുതൂ...

Photo/Video · Feeling/Activity · ...

**Alisafvan Kellur**

Yesterday at 1:40pm ·

' മനുഷ്യൻ ആദിമ കാലത്ത് നഗ്നനായിരുന്നു. അവന് ബുദ്ധിവികാസം പ്രാപിച്ചതോടെയാണ് ക്രമേണെ വസ്ത്ര ധാരണ തുടങ്ങിയത്. ഇന്നു ഞാൻ ധരിച്ചിരിക്കുന്ന ഈ വേശം മനുഷ്യൻ സ്വന്തമാക്കിയ ഉയർന്ന ചിന്തയും സംസ്കരവുമാണ് പ്രതിഫലിക്കുന്നത്. അല്ലാതെ ഒരു തിരിച്ചുപോക്കിലേക്ക് ഈ വസ്ത്രം ഒഴിയുക എന്നു പറഞ്ഞാൽ അത് പൗരാണിക യുഗത്തിലേക്കുള്ള തിരിച്ചു പോക്കായിരിക്കും.' തങ്ങൾ നേടിയ അറിവിനും വിദ്യഭ്യാസത്തിനും അനുയോച്യമായ വേശവിദാനം എന്തുകൊണ്ടായിക്കൂടാ... എന്നു ചൊദിച്ചപ്പോൾ തവക്കുൽ കർമ്മാനി (2011 നോവൽ പീസ് പ്രൈസ് ജേതാവ് ) പ്രിതിവചിച്ചത് ഇങ്ങനെയായിരുന്നു.

യൂറോപ്പ്യൻ യൂണിയൻ കോടതി ഹിജാബിനെ വിലക്കി വിധി പുറപ്പെടുവിച്ചത് ഈയടുത്താണ്. ഫ്രാൻസിലും ജർമ്മനിയിലും സ്ത്രീകൾ വംശീയ അധിക്രമങ്ങൾക്ക് വിധേയമായതും മുസ്ലിം വസ്ത്രധാരണയുടെ പേരിലായിരുന്നു. ഇതിനെതിരെയെല്ലാം മില്യൺ കണക്കിന് സ്ത്രീകൾ പ്രദിശേദവുമായി രംഗത്തെത്തിയിരുന്നു എന്നിട്ടും ഇവയൊന്നും സ്ത്രീ പ്രശ്നമാവുന്നില്ലല്ലോ... ഫെമിനിസ്റ്റുകൾ കാണുന്നില്ലതാനും...

പിന്നെന്തിനാവോ പർദ്ദയെ ആഫ്രിക്കൻ രാഷ്ട്രമാക്കുന്നത്....

Like Page

Like · Comment

987

View previous comments

**Swabir Kappad**

സത്യത്തിൽ പർദ്ദയും ഹിജാബുമല്ല ഫെമിനുസ്റ്റുകളുടെ പ്രശ്നം. അവരിൽ തികഞ്ഞ ഇസ്ലാം വിരുദ്ധതയാണ് കുടികൊള്ളുന്നത്. മാധവിക്കുട്ടിയായ കാലത്തെ കമലാ സുരയ്യ പർദ്ദയിട്ട് നടന്നിട്ടുണ്ട്. അവർ ആ സ്വാതന്ത്ര്യരം നുകർന്നൊക്കെ തന്നെയാണ് ആ സുകൃതം പുൽകിയത്.

Like · Reply · 20 hrs

View more comments







EHAM DiGiTAL
ELECTRONICS & HOME APPLIANCES
THONDAYAD JUNCTION, CALICUT
TEL: 0495 2350800